2023
MAY
24
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## സിവിൽ സർവീസ്: ഗഹനയ്ക്ക് ആറാം റാങ്ക്

### ആദ്യ പത്തു റാങ്കുകളിൽ ഏഴും പെൺകുട്ടികൾസ്വന്തമാക്കി

**ന്യൂഡൽഹി:** 2022ലെ സിവിൽ സർവീസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ആദ്യ പത്തു റാങ്കുകളിൽ ഏഴും പെൺകുട്ടികളാണ് സ്വന്തമാക്കിയത്. ആറാം റാങ്ക് നേടിയ ഗഹന നവ്യ ജയിംസാണ് മലയാളികളിൽ ഒന്നാമത്. വി.എം.ആര്യ (36ാം റാങ്ക്), അനൂപ് ദാസ് (38ാം റാങ്ക്), എസ്. ഗൗതം രാജ് (63ാം റാങ്ക്) എന്നിങ്ങനെയാണ് ആദ്യ നൂറിലുള്ള മറ്റു മലയാളികൾ. സിവിൽ സർവീസ് സമ്പൂർണ ഫലം അറിയാൻ ക്ലിക്ക് ചെയ്യൂ


ഗഹന നവ്യ ജയിംസ്

കോട്ടയം പാലാ മുത്തോലി സ്വദേശിനിയായ ഗഹന നവ്യ ജയിംസ് (25), എംജി സർവകലാശാലയിൽ ഇന്റർനാഷനൽ റിലേഷൻസിൽ ഗവേഷണം നടത്തുകയാണ്. പാലാ ചാവറ പബ്ലിക് സ്കൂളിലാണ് പത്താം ക്ലാസ് വരെ പഠിച്ചത്. പാലാ സന്റ്.മേരീസ് സ്കൂളിൽ പ്ലസ്ടു പൂർത്തിയാക്കിയ ഗഹന, പാലാ അൽഫോൻസാ കോളജിൽ നിന്ന് ഒന്നാം റാങ്കോടെ ബിഎ ഹിസ്റ്ററി പാസായി. തുടർന്ന് പാലാ സെന്റ് തോമസ് കോളജിൽ നിന്ന് എംഎ പൊളിറ്റിക്കൽ സയൻസിൽ ഒന്നാം റാങ്ക് നേടി. യുജിസി നാഷനൽ റിസർച്ച് ഫെലോഷിപ് സ്വന്തമാക്കി.

പാലാ സെന്റ്.തോമസ് കോളജ് റിട്ട. ഹിന്ദി പ്രഫ.സി.കെ.ജയിംസ് തോമസിന്റെയും അധ്യാപിക ദീപാ ജോർജിൻറെയും മകളാണ്. ജപ്പാൻ അംബാസഡർ സിബി ജോർജിൻറെ അനന്തരവളുമാണ്. തിരുവനന്തപുരം ബാലരാമപുരം സ്വദേശിയാണ് വി.എം.ആര്യ. ആര്യയുടെ രണ്ടാമത്തെ ശ്രമത്തിലാണ് നേട്ടം കരസ്ഥമാക്കിയത്. നിലവിൽ ഗസ്റ്റ് അധ്യാപികയായി ജോലി നോക്കുകയാണ്. ചവറ തോട്ടിനു വടക്ക് മരുന്നൂർ പടിഞ്ഞാറ്റതിൽ റിട്ട. സീനിയർ ഫിനാൻസ് ഓഫിസർ സോമരാജൻ പിള്ളയുടെയും റിട്ട. പ്രഥമാധ്യാപിക സുഷമ ദേവിയുടെയും മകനാണ് 63ാം റാങ്ക് നേടിയ ഗൗതം രാജ്.

ഇഷിത കിഷോറിനാണ് ദേശീയതലത്തിൽ ഒന്നാം റാങ്ക്. ഗരിമ ലോഹ്യയ്ക്കാണ് രണ്ടാം റാങ്ക്. എൻ. ഉമഹാരതി മൂന്നാം റാങ്കും സ്മൃതി മിശ്ര നാലാം റാങ്കും നേടി. മയൂർ ഹസാരികയ്ക്കാണ് അഞ്ചാം റാങ്ക്. ഐഎഎസിലേക്കു 180 പേർ ഉൾപ്പെടെ വിവിധ സർവീസുകളിലേക്കായി മൊത്തം 933 പേർക്കാണ് നിയമന ശുപാ!ർശ.

2022 ജൂൺ 5നായിരുന്നു പ്രിലിമിനറി പരീക്ഷ . മെയിൻ പരീക്ഷ സെപ്റ്റംബർ 16 മുതൽ 25 വരെ നടത്തി. ഡിസംബർ 6ന് ഫലം പ്രഖ്യാപിച്ചു. മേയ് 18നാണ് അഭിമുഖങ്ങൾ അവസാനിച്ചത്.

## നിയമം കടുപ്പിച്ച് ബ്രിട്ടൺ; മലയാളികൾക്ക് തിരിച്ചടി

### വിദ്യാർഥി വീസയിലെത്തുന്നവർ പിന്നീട് കുടുംബാംഗങ്ങളെയും ബ്രിട്ടനിലേക്കു കൊണ്ടുവരുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി

**ലണ്ടൻ:** വിദ്യാർഥി വീസയിലെത്തുന്നവർ പിന്നീട് കുടുംബാംഗങ്ങളെയും ബ്രിട്ടനിലേക്കു കൊണ്ടുവരുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി ബ്രിട്ടിഷ് സർക്കാർ. വിദ്യാർഥികളായെത്തുന്നവരുടെ ആശ്രിതരായി ജീവിത പങ്കാളിയെയോ മക്കളെയോ മാതാപിതാക്കളെയോ കൊണ്ടുവരുന്നതിനാണ് ബ്രിട്ടിഷ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയത്. ഇന്ത്യക്കാരെ, പ്രത്യേകിച്ച് മലയാളികളെ ഏറെ പ്രതികൂലമായി ബാധിക്കുന്ന നടപടിയാണിത്. പുതിയ ചട്ടമനുസരിച്ച് ബിരുദാനന്തര ബിരുദ കോഴ്സുകൾക്കു പഠിക്കുന്നവർക്കു മാത്രമേ ആശ്രിതരെ ബ്രിട്ടനിലേക്കു കൊണ്ടുവരാനാകൂ. ഇതുമായി ബന്ധപ്പെട്ട ബ്രിട്ടിഷ് ആഭ്യന്തര മന്ത്രി സുവെല്ല ബ്രേവർമാനാണ് പ്രസ്താവനയിറക്കിയത്.






വിദ്യാർഥികളുടെ ആശ്രിതരായി ബ്രിട്ടനിലെത്തുന്നവരുടെ എണ്ണത്തിലുണ്ടായിട്ടുള്ള വൻ വർധനവിന്റെ പശ്ചാത്തലത്തിലാണ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ബ്രിട്ടിഷ് സർക്കാർ നിർബന്ധിതരായതെന്ന് സുവെല്ല ബ്രേവർമാൻ വിശദീകരിച്ചു. 2022ൽ മാത്രം ഇത്തരത്തിൽ 1,36,000 പേർക്കാണ് ബ്രിട്ടിഷ് സർക്കാർ വീസ അനുവദിച്ചത്. കുടിയേറ്റക്കാരുടെ എണ്ണം കുതിച്ചുയർന്നതോടെയാണ് ബ്രിട്ടിഷ് സർക്കാർ നിയന്ത്രണങ്ങൾ കടുപ്പിക്കാൻ തീരുമാനിച്ചത്. നിലവാരം കുറഞ്ഞ കോഴ്സുകൾക്കു ചേർന്ന ശേഷം കുടുംബാംഗങ്ങളെക്കൂടി ഒപ്പമെത്തിക്കുന്നത് വർധിച്ചതായി സർക്കാർ വിലയിരുത്തിയിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കൺസർവേറ്റീവ് പാർട്ടിയുടെ പ്രകടനപത്രിക വാഗ്ദാനം ചെയ്തതിന്റെ ഇരട്ടിയാണ് ഇപ്പോഴത്തെ കുടിയേറ്റക്കണക്ക്. അതേസമയം, നിയന്ത്രണങ്ങൾ സംബന്ധിച്ച് ക്യാബിനറ്റിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ടെന്നാണു വിവരം. ചാൻസലർ ജെറമി ഹണ്ട്, വിദ്യാഭ്യാസ മന്ത്രി ഗിലിയാൻ കീഗാൻ എന്നിവർ നിയന്ത്രണങ്ങൾക്ക് എതിരാണ്.

കേരളത്തിൽ നിന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ബ്രിട്ടനിലേക്കുള്ള കുടിയേറ്റം, പ്രത്യേകിച്ച് വിദ്യാർഥി വീസ വഴിയുള്ള കുടിയേറ്റം ഗണ്യമായി വർധിച്ചിരുന്നു. അടുത്തിടെ സർവകലാശാലകളിൽ പ്രവേശനം നേടിയവരെയും സമാനമായ രീതിയിൽ കുടിയേറ്റത്തിനു തയാറെടുക്കുന്നവരെയും പുതിയ നീക്കം ബാധിക്കും. പഠനശേഷം രണ്ട് വർഷം ജോലി ചെയ്യാൻ അനുവദിക്കുന്ന പോസ്റ്റ് സ്റ്റഡി വീസയും നിർത്തലാക്കിയേക്കുമെന്നു സൂചനയുണ്ട്. എന്നാൽ പിഎച്ച്ഡി വിദ്യാർഥികൾക്കു നിയന്ത്രണങ്ങൾ ഉണ്ടാകില്ലെന്നാണു വിവരം.

## ഫെയ്സ്ബുക്കിന് 10,750 കോടി രൂപ പിഴ

**ഡബ്ലിൻ (അയർലൻഡ്):** യൂറോപ്പിലെ ഫെയ്സ്ബുക് ഉപയോക്താക്കളുടെ വ്യക്തിഗത ഡേറ്റ യുഎസിലേക്ക് അയച്ചതിനു മാതൃകമ്പനിയായ മെറ്റയ്ക്ക് യൂറോപ്യൻ യൂണിയൻ 10,750 കോടി രൂപ പിഴ വിധിച്ചു.യൂറോപ്പിലെ ജിഡിപിആർ (ജനറൽ ഡേറ്റ പ്രൊട്ടക്ഷൻ റഗുലേഷൻ) പ്രകാരമുള്ള ഏറ്റവും വലിയ പിഴശിക്ഷയാണിത്. 2021ൽ ആമസോണിൽ നിന്നീടാക്കിയ 7,000 കോടി രൂപയായിരുന്നു ഉയർന്ന പിഴ.അപ്പീൽ നൽകുമെന്ന് മെറ്റ പറഞ്ഞു. ഡേറ്റ കൈമാറ്റം അവസാനിപ്പിക്കാൻ 5 മാസവും ഇതിനോടകം കൈമാറിയ ഡേറ്റ നശിപ്പിക്കാൻ 6 മാസവും മെറ്റയ്ക്കു സമയം അനുവദിച്ചിട്ടുണ്ട്.

## ഒരു ലക്ഷം 4ജി സൈറ്റുകൾ: 15,700 കോടി നൽകി ബിഎസ്എൻഎൽ

**ന്യൂഡൽഹി:** രാജ്യത്താകെ ഒരുലക്ഷം 4ജി സൈറ്റുകൾ സ്ഥാപിക്കുന്നതിനായി ബിഎസ്എൻഎൽ ടാറ്റ കൺസൽറ്റൻസി സർവീസിനും (ടിസിഎസ്) ഐടിഐ ലിമിറ്റഡിനും 15700 കോടിയുടെ അഡ്വാൻസ് പർച്ചേസ് ഓർഡർ നൽകി. ടിസിഎസിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനാണു കരാർ ലഭിച്ചത്. 4ജി നെറ്റ്‌വർക് വിന്യാസത്തിനുള്ള റോഡിയോ ആക്സസ് നെറ്റ്‌വർക്കിന്റെ വിതരണവും സർവീസിങ്ങും ഈ കൺസോർഷ്യത്തിനാണ്. സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സും തേജസ് നെറ്റ്‌വർക്കും കൺസോർഷ്യത്തിന്റെ ഭാഗമാണ്. ഇതുവരെ കണ്ടെത്തിയ സ്ഥലങ്ങളിലെല്ലാം ഉടൻ 4ജി നെറ്റ്‌വർക്ക് ഉപകരണങ്ങൾ സ്ഥാപിക്കുമെന്നും കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുമെന്നും ബിഎസ്എൻഎൽ പറഞ്ഞു. 4ജി പദ്ധതിയുടെ 20% നടത്തിപ്പ് ഐടിഐയുടെ ചുമതലയാണ്.



# പൊട്ടുവെള്ളാംബരി ചിത്രശലഭത്തിന്റെ പൂർണ ജീവിതചക്രം രേഖപ്പെടുത്തി



**കണ്ണൂർ** : അപൂർവമായ പൊട്ടുവെള്ളാംബരി ചിത്രശലഭത്തിന്റെ പൂർണ ജീവിതചക്രം രേഖപ്പെടുത്തി. വന്യജീവി ഗവേഷകരും ഫോട്ടോഗ്രാഫർമാരുമായ ഉമേഷ്, ഡേവിഡ് രാജു, വി.കെ.ചന്ദ്രശേഖരൻ എന്നിവരടങ്ങിയ സംഘമാണു വയനാട് ലക്കിടിക്കടുത്ത് ചിത്രശലഭത്തിന്റെ പൂർണമായ ജീവിതചക്രം ഇന്ത്യയിൽ ആദ്യമായി രേഖപ്പെടുത്തിയത്.

ശലഭത്തിന്റെ ജീവിതചക്രത്തെക്കുറിച്ചോ ലാർവസസ്യത്തെക്കുറിച്ചോ (ശലഭം മുട്ടയിടുകയും അതു വിരിഞ്ഞിറങ്ങുന്ന ലാർവ ഭക്ഷിക്കുകയും ചെയ്യുന്ന സസ്യം) ഇതുവരെ അറിവുണ്ടായിരുന്നില്ല. ഇത്തിൾക്കണ്ണി വർഗത്തിൽപെട്ട സസ്യമാണു ശലഭത്തിന്റെ ലാർവ സസ്യമെന്നു കണ്ടെത്തിയിട്ടുണ്ട്. മറ്റു റോയൽ ശലഭങ്ങളും ഇത്തരം ചെടികളിലാണു ജീവിതചക്രം പൂർത്തിയാക്കുന്നത്.

കൂട്ടങ്ങളായി മുട്ടകൾ ക്രമീകരിക്കുകയും വിരിഞ്ഞിറങ്ങുന്ന ശലഭപ്പുഴുക്കൾ ഒരുമിച്ച് ഇലകൾ ഭക്ഷിച്ച് കൂട്ടായി മുന്നേറുകയും ചെയ്യുന്നതായും നിരീക്ഷിച്ചു.

പൊട്ടുവെള്ളാംബരിയുടെ ജീവിതചക്രം നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്തത് ഏറെ പ്രാധാന്യമുള്ളതാണെന്നു സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞൻ ഡോ. ജാഫർ പാലോട്ട് പറഞ്ഞു.

കേരളം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലെ പശ്ചിമഘട്ടമേഖലയിലാണു ചിത്രശലഭത്തെ കാണുന്നതെന്നു ഗവേഷകർ പറഞ്ഞു.

പഴയ ബ്രിട്ടിഷ് ജേർണലുകളിലും ശലഭഗവേഷകരുടെ പുസ്തകങ്ങളിലും ഈ പൂമ്പാറ്റകൾ പശ്ചിമഘട്ടത്തിൽ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരുന്നു.

ലൈക്കിനിഡേ ചിത്രശലഭ കുടുംബത്തിലുൾപ്പെടുന്ന ഈ ശലഭത്തെ 100 വർഷങ്ങൾക്കു ശേഷം കേരളത്തിൽ വീണ്ടും കണ്ടെത്തിയത് 2010ൽ ആണ്. ചിത്രശലഭ ഗവേഷകനായ വി.സി.ബാലകൃഷ്ണനാണു കണ്ണൂർ കൊട്ടത്തലച്ചിമലയിൽ അന്നു ശലഭത്തെ നിരീക്ഷിച്ചത്.

# വനഭൂമി വിട്ടുകിട്ടിയെങ്കിലും മലയോര ഹൈവേ നിർമാണം വൈകുന്നു



**മാലോം:** ജില്ലാ അതിർത്തിയിലെ ചെറുപുഴ പാലത്തിൽനിന്നു തുടങ്ങി കോളിച്ചാൽവരെയുള്ള കാസർകോട് ജില്ലയിലെ മലയോര ഹൈവേയുടെ ആദ്യറീച്ചിലെ നിർമാണം 90% പൂർത്തിയായെങ്കിലും വനമേഖലയിലൂടെയുള്ള റോഡ് നിർമാണം നടക്കാത്തതിനാൽ ഈ പാത യാത്രക്കാർക്കു പ്രയോജനപ്പെടുന്നില്ല. 30.77 കിലോമീറ്റർ ദൈർഘ്യമുള്ള ഈ റീച്ചിലെ കാറ്റാംകവല, മരുതോം വനമേഖലയിലുൾപ്പെട്ട 3 കിലോമീറ്റർ ഭാഗത്താണ് നിർമാണം നടക്കാൻ ഇനി ബാക്കിയുള്ളത്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 82 ലക്ഷം രൂപ ചെലവിലാണ് 4 വർഷം മുൻപ് ഈ റോഡ് പ്രവൃത്തി ആരംഭിച്ചത്. ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കാണ് നിർമാണ കരാർ. വനമേഖലയിലുൾപ്പെടെയുള്ള നിർമാണത്തിനായി പിന്നീട് 109.27 കോടിയുടെ പദ്ധതി അംഗീകരിച്ചെങ്കിലും തുടർ നടപടികൾ എങ്ങുമെത്തിയില്ല.

റോഡ് വികസനത്തിനു വനഭൂമി ലഭിക്കാത്തതിൽ പ്രതിഷേധിച്ച് ഒട്ടേറെ സമരങ്ങളും നടന്നു. തുടർന്നാണ് നഷ്ടപരിഹാരവും പകരം ഭൂമിയും നൽകി വനം വകുപ്പിൽനിന്നു ഭൂമി വിട്ടുകിട്ടിയത്. വനം വകുപ്പ് തന്നെ മരങ്ങൾ മുറിച്ചുമാറ്റി മരാമത്ത് വകുപ്പിനു ഭൂമി വിട്ടുനൽകിയിട്ട് ഒരുവർഷം കഴിഞ്ഞു. എന്നാൽ റോഡ് നിർമാണം ഇപ്പോഴും ആരംഭിച്ചിട്ടില്ല. മിക്ക റോഡുകളും ചെങ്കുത്തായ കയറ്റിറക്കങ്ങളുമായതിനാൽ അപകട സാധ്യതയും ഇവിടെ വർധിച്ചു. ഇതിനിടെ വനമേഖലയിൽ കോൺക്രീറ്റ് പ്രവൃത്തി നടത്താൻ കിഫ്ബി തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ ഡിസൈനിങ് നടന്നുവരികയാണ്. അതേസമയം ഈ മഴക്കാലത്ത് വനമേഖലയിലെ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 38 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ടെൻഡർ ഈ ആഴ്ച നടക്കുമെന്ന് അധികൃതർ പറഞ്ഞു.

മലയോര ഹൈവേയിലെ കാറ്റാംകവലയിൽ ചട്ടമല റോഡ് ജംക്ഷനു സമീപം കഴിഞ്ഞ മഴക്കാലത്ത് ഇടിഞ്ഞുപോയ റോഡ് ഇതുവരെയായും ഗതാഗതയോഗ്യമാക്കിയിട്ടില്ല. 50 മീറ്ററോളം റോഡിന്റെ പകുതി ഭാഗം ഇടിഞ്ഞു. 100 അടിയോളം താഴ്ചയിൽ! വലിയ ഗർത്തം രൂപപ്പെടുകയും ചെയ്തു. അപകട സാധ്യത കണക്കിലെടുത്ത് അന്നു സ്ഥാപിച്ച സുരക്ഷാ വേലിക്കരികിലൂടെയാണ് ഇപ്പോഴും ബസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നുപോകുന്നത്. നേരത്തേ ഇവിടെ കലുങ്കും സംരക്ഷണ ഭിത്തിയുമുണ്ടായിരുന്നു. സുരക്ഷ നോക്കാതെ പഴയതിനു മുകളിൽ പുതിയ നിർമാണം നടത്തിയതാണ് അപകടത്തിനിടയാക്കിയതെന്നു പ്രദേശവാസികൾ ആരോപിച്ചിരുന്നു. ഇടിഞ്ഞ ഭാഗം ഇതുവരെ പുനസ്ഥാപിച്ചിട്ടില്ല. ഇതിനായി ഒരു കോടി രൂപയുടെ പദ്ധതിയാണ് തയാറാക്കിയത്. ഈ മാസം 25 നു ടെൻഡർ തുറക്കും. എന്നാൽ നടപടിക്രമങ്ങൾ വൈകിയതിനാൽ ടെൻഡർ നടന്നാലും ഈ സീസണിൽ നിർമാണം പൂർത്തിയാക്കാൻ കഴിയുമോ എന്ന ആശങ്കയിലാണ് നാട്ടുകാർ. ശക്തമായ മഴക്കാലത്ത് ഇവിടെ വീണ്ടും ഇടിഞ്ഞുപോകാനും സാധ്യതയുണ്ട്.

## കർഷക തൊഴിലാളി ക്ഷേമനിധി അംശാദായ സിറ്റിംഗ്

**തൃശൂർ:** കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംശാദായം സ്വീകരിക്കുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനുമായി വിവിധ പഞ്ചായത്തുകളിൽ സിറ്റിംഗ് നടത്തുന്നു.

ജൂൺ 6 മുതൽ 24 വരെയാണ് അംശാദായ സിറ്റിംഗ്. ജൂൺ 2ന് അളഗപ്പനഗർ, പുതുക്കാട്, ഒല്ലൂർ എന്നിവിടങ്ങളിലും ജൂൺ 6, 8, 13, 15, 17, 20, 22, 24 എന്നീ തീയതികളിൽ പൂമംഗലം, അടാട്ട്, കോലഴി, നടത്തറ, എംജി കാവ്, പെരിഞ്ഞനം, തോളൂർ, പാഞ്ഞാൾ എന്നിവിടങ്ങളിൽ യഥാക്രമം അംശാദായ സിറ്റിംഗ് നടക്കും.

24 മാസം വരെയുള്ള അംശാദായും സിറ്റിങ്ങിൽ സ്വീകരിക്കും. പുതുതായി ചേരാൻ വരുന്നവർ സ്കൂൾ സർട്ടിഫിക്കറ്റ്/ആധാർ കാർഡ്/തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ബാങ്ക് പാസ്ബുക്കിന്റെ ആദ്യത്തെ പേജ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കേണ്ടതാണ്.

## സെക്രട്ടറി തസ്തിക ഒഴിവ്

**തൃശൂർ:** മണലൂർ മേഖല ഇക്കോ ടൂറിസം ഡവലപ്മെന്റ് സഹകരണ സംഘത്തിന് കീഴിൽ പ്രതിമാസ മൊത്ത വേതന അടിസ്ഥാനത്തിൽ സെക്രട്ടറി തസ്തികയിൽ ഒഴിവുണ്ട്.

പരമാവധി പ്രായം: 40 വയസ്. സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ജൂൺ അഞ്ചിനകം ഓഫീസിൽ ലഭിക്കണം. സംഘത്തിന്റെ പേരിൽ മാറാവുന്ന 300 രൂപയുടെ ഡി ഡി ഉള്ളടക്കം ചെയ്യണം.

## തൊഴിലധിഷ്ഠിത പരിശീലനം

**തിരുവനന്തപുരം:** സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ചിൽ കുറഞ്ഞ നിരക്കിൽ വിദേശത്തും സ്വദേശത്തും ജോലി സാധ്യതയുള്ള, എൻ.എസ്.ഡി.സി അംഗീകൃത കോഴ്സുകളായ പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് എന്നിവയിലേക്ക് ഓൺലൈൻ പരിശീലനം ഉടൻ ആരംഭിക്കും.

ഒരു ബാച്ചിൽ 25 കുട്ടികൾക്കാണ് പരിശീലനം. 100 ശതമാനം പ്ലേസ്മെന്റ് അസിസ്റ്റന്റ് ഉറപ്പ് നൽകുന്നു. പ്ലസ് ടു, ഡിഗ്രി കഴിഞ്ഞവർക്ക് പൈത്തൺ പ്രോഗ്രാമിലേക്കും, ഡിഗ്രി കഴിഞ്ഞവർക്ക് ഡാറ്റാ സയൻസിലേക്കും അപേക്ഷിക്കാം.

എസ്.സി., എസ്.ടി., ബി.പി.എൽ., മത്സ്യബന്ധനം, ട്രാൻസ്ജെൻഡർ, ഒറ്റ രക്ഷകർത്താവുള്ള കുട്ടികൾ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്കോളർഷിപ്പിലൂടെ കോഴ്സ് പൂർത്തീകരിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 15. വിശദവിവരങ്ങൾക്ക്: 0471 2365445, 9496015002,

## ടെണ്ടർ ക്ഷണിച്ചു

**തൃശൂർ:** ജനറൽ ആശുപത്രിയിലെ ബ്ലഡ് ബാങ്കിലേക്ക് ട്യൂബ് സീലർ സപ്ലൈ ചെയ്യുന്നതിന് മത്സരടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയ്യതി മെയ് 27 പകൽ 11 മണി വരെ.

## ബാബു ആന്റണിയുടെ പാൻ ഇന്ത്യൻ മൂവി

# ദ ഗ്രേറ്റ് എസ്കേപ്പ് 26 ന്



**കൊച്ചി:** ഇൻഡോ അമേരിക്കൻ ആക്ഷൻ ഹീറോ ബാബു ആന്റണി മകൻ ആർതർ ബാബു ആൻറണി, ലോകപ്രശസ്ത ഗുസ്തി താരവും അമേരിക്കൻ ചലച്ചിത്രങ്ങളിലെ വില്ലൻ കഥാപാത്രങ്ങളിലൂടെ ശ്രദ്ധേയനായ ചാസ് ടെയ്ലർ എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി സംവിധായകൻ സന്ദീപ് .ജെ .എൽ. ഒരുക്കുന്ന പാൻ ഇന്ത്യൻ മാസ് ആക്ഷൻ ത്രില്ലർ ദ ഗ്രേറ്റ് എസ്കേപ്പ് 26 ന് റിലീസ് ചെയ്യും.സൗത്ത് ഇന്ത്യൻ യു എസ് ഫിലിംസിന്റെ ബാനറിൽ അമേരിക്കൻ മലയാളികളായ സുഹൃത്തുക്കൾ സംയുക്തമായാണ് ചിത്രം നിർമ്മിക്കുന്നതെന്ന് നടൻ ബാബു ആന്റണി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഹോളിവുഡ്, തായ്ലൻറ്, എന്നിവിടങ്ങളിൽ നിന്നുള്ള ഇന്റർനാഷണൽ അഭിനേതാക്കളാണ് ചിത്രത്തിൽ അഭിനയിക്കുന്നത്. ഹോളിവുഡ് ചിത്രങ്ങളിലെ അതിഗംഭീര ആക്ഷൻ രംഗങ്ങളാണ് ദ ഗ്രേറ്റ് എസ്കേപ്പിൽ ഒരുക്കിയിട്ടുള്ളത്. മലയാളചിത്രങ്ങളിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത ദശ്യഭംഗിയും ഈ ചിത്രത്തിന്റെ പുതുമയാണ്. മലയാളത്തിലും തമിഴിലുമാണ് ചിത്രം പ്രേക്ഷകരിലേക്കെത്തുന്നത്. ലോകപ്രശസ്ത ഗുസ്തി താരവും വില്ലൻ കഥാപാത്രങ്ങളിലൂടെ ശ്രദ്ധ നേടിയ ചാസ് ടെയ്ലറും ഈ ചിത്രത്തിൽ ശ്രദ്ധേയമായ ഒരു വേഷം ചെയ്യുന്നുണ്ട്.

ബാബു ആന്റണിയും മകൻ ആർതർ ആന്റണിയും, ആദ്യമായി ഒന്നിക്കുന്ന ചിത്രം കൂടിയാണ് ദ ഗ്രേറ്റ് എസ്കേപ്പ്. പ്രമുഖ തമിഴ് താരവുമായ സമ്പത്ത് റാം, അമേരിക്കൻ ചലച്ചിത്ര താരം റോക്ക് വില്യംസ്, ബാബു ആന്റിണിയുടെ ഭാര്യ ഇവ്ഗനിയ, മകൻ അല്ക്സ് ആന്റിണി എന്നിവരും ചിത്രത്തിലെ അഭിനേതാക്കളാണ് .ചിത്രം പൂർണ്ണമായും അമേരിക്കയിലാണ് ചിത്രീകരിച്ചത്.

മലയാള പ്രേക്ഷകർക്ക് ഏറെ പുതുമയുണർത്തുന്ന ഒരു ദശ്യാനുഭവം കൂടിയാണ് ദ ഗ്രേറ്റ് എസ്കേപ്പ്. ചിത്രത്തിന്റെ പൂർണ്ണമായ എഫക്റ്റ് ആസ്വദിക്കാൻ തിയേറ്ററിൽ തന്നെ പ്രേക്ഷകർ സിനിമ കാണാൻ ശ്രമിക്കണമെന്നും നടൻ ബാബു ആന്റണി കൂട്ടിച്ചേർത്തു.സംവിധായകൻ സന്ദീപ് .ജെ . എൽ,ചാസ് ടെയ്ലർ,എക് സിക്യൂട്ടീവ് പ്രൊഡ്യൂസർ സണ്ണി കളരിയ്ക്കൽ, പിആർഒ പി.ആർ.സുമേരൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



## മഞ്ജുവാര്യർ,സൈജു ശ്രീധരൻ ചിത്രം.ഫൂട്ടേജ് ആരംഭിച്ചു

**കൊച്ചി:** മഞ്ജു വാര്യരെ കേന്ദ്ര കഥാപാത്രമാക്കി എഡിറ്റർ സൈജു ശ്രീധരൻ ആദ്യമായി സംവിധാനം ചെയ്യുന്ന ഫൂട്ടേജ് എന്ന ചിത്രത്തിന്റെ ചിത്രീകരണം തൃശ്ശൂർ ചിമ്മിനി ഡാം സമീപം ആരംഭിച്ചു.മഞ്ജു വാര്യർ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചു.അഞ്ചാം പാതിരാ, കുമ്പളങ്ങി നൈറ്റ്സ്, മഹേഷിന്റെ പ്രതികാരം തുടങ്ങി നിരവധി ഹിറ്റ് സിനിമകളുടെ എഡിറ്റർ സൈജു ശ്രീധരൻ ആദ്യമായി സംവിധാനം ചെയ്യുന്ന ഈ സിനിമയിൽ വിശാഖ് നായർ, ഗായത്രി അശോക് തുടങ്ങിയവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. മൂവി ബക്കറ്റ്, കാസ്റ്റ് ആൻഡ് കോ, പെയിൽ ബ്ലൂ ഡോട്ട് പിക്ചേഴ്സ് എന്നിവയുടെ ബാനറിൽ ബിനീഷ് ചന്ദ്രൻ, സൈജു ശ്രീധരൻ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

കോ പ്രൊഡ്യൂസർ രാഹുൽ രാജീവ്,സൂരജ് മേനോൻ,ലൈൻ പ്രൊഡ്യൂസർ അനീഷ് സി സലിം.ശബാന മുഹമ്മദ്,സൈജു ശ്രീധരൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.

ഛായാഗ്രഹണംഷിനോ സ്,എഡിറ്റർസൈജു ശ്രീധരൻ,പ്രൊഡക്ഷൻകൺട്രോളർകിഷോർ പുറക്കാട്ടിരി,കലാസംവിധാനംഅപ്പുണ്ണി സാജൻ,മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരംസമീറ സനീഷ്,സ്റ്റിൽസ്രോഹിത് കൃഷ്ണൻ,സ്റ്റണ്ട് ഇർഫാൻ അമീർ,വി എഫ് എക്സ്മിൻഡ്സ്റ്റിൻ സ്റ്റുഡിയോസ്, ഫിനാൻസ് കൺട്രോളർ അഗ്നിവേശ്,സൗണ്ട് ഡിസൈൻനിക്സൺ ജോർജ്,സൗണ്ട് മിക്സ് ഡാൻ ജോസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർ പ്രിനിഷ് പ്രഭാകരൻ,പ്രൊജക്ട് ഡിസൈൻ സന്ദീപ് നാരായൺ, ഗാനങ്ങൾ ആസ്വെകീപ് സെർച്ചിംഗ്,പശ്ചാത്തല സംഗീതം സുഷിൻ ശ്യാം, പ്രൊഡക്ഷൻ മാനേജർരാഹുൽ രാജാജി,ജിതിൻ ജൂഡി,ഫൗണ്ട് ഫൂട്ടേജ് എന്ന മേക്കിംഗ് രീതിയാണ് ഈ സിനിമയിൽ ഉപയോഗിക്കുന്നത്.പിആർ ഒഎ.എസ് ദിനേശ്.



## ശ്രീ മുത്തപ്പൻ കണ്ണൂരിൽ തുടങ്ങി

**കൊച്ചി:** ജോയ് മാത്യു, അശോകൻ, ബാബു അന്നൂർ, അനുമോൾ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ചന്ദ്രൻ നരിക്കോട് സംവിധാനം ചെയ്യുന്ന മൂന്നാമത്തെ ചിത്രം ശ്രീ മുത്തപ്പൻ കണ്ണൂരിൽ ചിത്രീകരണം ആരംഭിച്ചു.

പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ മടപ്പുര സന്നിധാനത്തിൽ വെച്ച് നിർമാതാവ് സച്ചു അനീഷും സംവിധായകൻ ചന്ദ്രൻ നരിക്കോടും ചേർന്ന്ശ്രീ മുത്തപ്പൻ സിനിമയുടെ തിരക്കഥയുടെ പകർപ്പ്ഏറ്റുവാങ്ങി.നടൻ ഷെഫ് നളൻ,മുയ്യം രാജൻ,വിനോദ് മൊത്തങ്ങ, പി പി ബാലകൃഷ്ണൻ, ക്ഷേത്രം ഭാരവാഹികൾ മുതലായവർ സന്നിഹിതരായിരുന്നു. കണ്ണൂർ കുന്നത്തൂർ പാടി ശ്രീമുത്തപ്പൻ ദേവസ്ഥാനത്ത് വാണവർ കുഞ്ഞിരാമൻ നായനാർ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചു.പ്രതിഥി ഹൗസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സച്ചു അനീഷ് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ സച്ചു അനീഷ്, ഷെഫ് നളൻ, കോക്കാടാൻ നാരായണൻ,വിനോദ് മൊത്തങ്ങ,കൃഷ്ണൻ നമ്പ്യാർ,രാജേഷ് വടക്കാഞ്ചേരി,ഉഷ പയ്യന്നൂർ,അക്ഷയ രാജീവ്,ബേബി പൃഥി രാജീവ് എന്നിവരോടൊപ്പം നിരവധി പുതുമുഖങ്ങളും അഭിനയിക്കുന്നു.

ആദ്യമായിട്ടാണ് ശ്രീ മുത്തപ്പൻ ചരിതം സിനിമയാകുന്നത്. പൗരാണിക കാലം മുതലേ ഉത്തര മലബാറിൽ ജാതീയമായും തൊഴിൽപരമായും അടിച്ചമർത്തപ്പെട്ടിരുന്ന കീഴാളജനതയുടെ പോരാട്ട നായകനും, കൺകണ്ട ദൈവവുമായ ശ്രീമുത്തപ്പന്റെ പുരാവൃത്തമാണ് ഈ സിനിമ.

മലയാളത്തിലെ പ്രമുഖ എഴുത്തുകാരായബിജു കെ ചുഴലിയും, മുയ്യം രാജനും ചേർന്നാണ് തിരക്കഥ സംഭാഷണം ഒരുക്കുന്നത്. മുയ്യം രാജൻ എഴുതിയ വരികൾക്ക് മോഹൻ സിതാര സംഗീതം പകരുന്നു.ഛായാഗ്രഹണംറെജി ജോസഫ്,എഡിറ്റിങ് രാംകുമാർ, തിരക്കഥാഗവേഷണം പി.പി. ബാലകൃഷ്ണ പെരുവണ്ണാൻ,ആർട്ട്സ്മധു വെള്ളാവ്,പ്രൊജക്ട് ഡിസൈനർധീരജ് ബാല,മേക്കപ്പ്പീയൂഷ് പുരുഷു,പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്വിനോദ്കുമാർ പി വി,സ്റ്റിൽസ് വിനോദ് പ്ലാത്തോട്ടം.കണ്ണൂരിലെ പറശ്ശിനിക്കടവിലും, നണിച്ചേരിയിലുമായിട്ടാണ് ശ്രീ മുത്തപ്പൻ ചിത്രീകരിക്കുന്നത്.പിആർ ഒ എ എസ് ദിനേശ്.

## പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ അദാലത്ത് ജൂണിൽ

**തൃശൂർ:** സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ ജില്ലയിൽ നിലവിലുള്ള പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനായി ജൂൺ ആറ്, ഏഴ് തീയതികളിൽ പരാതിപരിഹാര അദാലത്ത് നടത്തും. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന അദാലത്തിന് കമ്മീഷൻ ചെയർമാൻ ബി എസ് മാവോജി, അംഗങ്ങളായ എസ് അജയകുമാർ, അഡ്വ. സൗമ്യ സോമൻ എന്നിവർ നേതൃത്വം നൽകും.

പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാരുമായി ബന്ധപ്പെട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണയിലിരിക്കുന്നതുമായ കേസുകളിൽ പരാതിക്കാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും. പരാതി പരിഹാരവുമായി ബന്ധപ്പെട്ട പോലീസ് ഓഫീസർമാർ, റവന്യൂ, വനം , വിദ്യാഭ്യാസം, പഞ്ചായത്ത്, ആരോഗ്യം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യാഗസ്ഥർ അദാലത്തിൽ പങ്കെടുക്കും.

## ക്വട്ടേഷൻ ക്ഷണിച്ചു

**ചാലക്കുടി:** മോഡൽ റസിഡൻഷ്യൽ സ്കൂൾ അന്തേവാസികൾക്ക് 2023 24 വർഷത്തെ സ്കൂൾ ബാഗുകൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. മീഡിയം സൈസിൽ യുപി വിഭാഗത്തിലേക്ക് 105ഉം ലാർജ് സൈസസിൽ ഹൈസ്കൂൾ, പ്ലസ്ടു വിഭാഗത്തിലേക്ക് 205ഉം ആയി ആകെ 310 ബാഗുകളാണ് ആവശ്യം. ക്വട്ടേഷന് പുറത്ത് ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് സ്കൂൾ ബാഗുകൾ ലഭ്യമാക്കുന്നതിന് എന്ന് രേഖപ്പെടുത്തണം. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി മെയ് 30ന് വൈകീട്ട് മൂന്ന് മണി. ക്വട്ടേഷനിൽ ഓരോ ഇനത്തിന്റെയും തുക പ്രത്യേകം രേഖപ്പെടുത്തണം. ഫോൺ: 0480 2960400.



# കടുവഭീഷണി: തോട്ടങ്ങളിൽ കാടുതെളിക്കൽ തുടങ്ങി

**പെരുനാട്:** കടുവ ഭീഷണി നേരിടുന്ന പെരുനാട് ബഥനി പുതുവേൽ, കോളാമല മേഖലകളിൽ തോട്ടങ്ങളിലെ കാട് തെളിക്കൽ ആരംഭിച്ചു. റബർ തോട്ടങ്ങൾ കാടെടുക്കാതെ കിടക്കുന്നതിനാലാണ് കാട്ടുമൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നത്. പ്രശ്നബാധിതമായ പ്രദേശത്തെ 10 ഏക്കർ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് വൃത്തിയാക്കുന്നത്.

കാട് തെളിക്കൽ ആരംഭിക്കുന്നതിന് മുമ്പ് പ്രദേശവാസികൾ, പഞ്ചായത്ത് അധികൃതർ, ജനപ്രതിനിധികൾ വനംവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ജനകീയ സമിതി പ്രമോദ് നാരായൺ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്നിരുന്നു. ഏറ്റവും പ്രശ്നബാധിതമായ പ്രദേശത്തെ 10 ഏക്കർ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വൃത്തിയാക്കാൻ എംഎൽഎ നിർദേശിച്ച പ്രകാരമാണ് ഇന്നലെ ജോലികൾ ആരംഭിച്ചത്.

കോട്ടമല എസ്റ്റേറ്റ്, ഗോവ എസ്റ്റേറ്റ്, കാർമൽ, ബഥനി എന്നിവിടങ്ങളിലെ കാട് നീക്കം ചെയ്യാൻ പഞ്ചായത്ത് അധികൃതർ എസ്റ്റേറ്റ് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

മൂന്ന് പശുക്കളെയും ആടിനെയും കടുവ ആക്രമിച്ചു കൊന്നതിനു പിന്നാലെ ഇതിനെ പിടികൂടാൻ കൂട് സ്ഥാപിക്കുകയും പ്രത്യേക ദൗത്യ സംഘത്തെ നിയോഗിക്കുകയും ചെയ്തതാണ്.

കടുവയുടെ താവളമായി എസ്റ്റേറ്റിലെ കാട് മാറിയിട്ടുള്ളതിനാൽ ഇത് നീക്കം ചെയ്യണമെന്ന ആവശ്യം ഉയർന്നിരുന്നു.

കാട് തെളിക്കുന്പോൾ പോലീസിൻറെയും വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ കൂടുതൽ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പെരുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.എസ്. മോഹനൻ, മഠത്തുംമൂഴി വാർഡ് മെംബർ രാജം ടീച്ചർ, റാന്നി റേഞ്ച് ഓഫീസർ കെ.എസ്. മനോജ്, ഡെപ്യൂട്ടി റേഞ്ച് ഓഫീസർ റോബിൻ മാർട്ടിൻ, എസ്എഫ്ഒ പി.കെ. ബൈജു തുടങ്ങിയവർ പങ്കെടുത്തു.

## മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്തുമെന്ന് മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കിൻഫ്ര പാർക്കിലെ മെഡിക്കൽ സർവീസസ് കോർപറേഷന്റെ സംഭരണ കേന്ദ്രത്തിലുണ്ടായ തീപിടിത്തത്തെത്തുടർന്ന് കോർപറേഷന്റെ എല്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പ്, അഗ്നി രക്ഷാസേന ഉൾപ്പെടെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിലാണ് സുരക്ഷാ ഓഡിറ്റ് നടത്തുന്നത്. ആശുപത്രികളിൽ ഫയർ സേഫ്റ്റി ഓഡിറ്റ് നടത്തും. കിൻഫ്രയിലെ തീപിടിത്തത്തെപ്പറ്റി സമഗ്ര അന്വേഷണത്തിന് നിർദേശം നൽകിയിട്ടുണ്ട്. ഫോറൻസിക് ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തും. കൊല്ലത്തെ തീപിടിത്തത്തിന്റെ ഫോറൻസിക് പരിശോധനാ ഫലം വരാനുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

കൊല്ലത്തെ തീപിടിത്തത്തിന് ശേഷം എല്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങൾക്കും ജാഗ്രതാ നിർദ്ദേശം നൽകണമെന്നും പരിശോധന നടത്തണമെന്നും കെ.എം.എസ്.സി.എല്ലിന് നിർദേശം നൽകിയിരുന്നു. ഇതനുസരിച്ച് പരിശോധന നടന്നു വരുന്നതിനിടയിലാണ് തിരുവനന്തപുരത്തെ തീപിടിത്തം. കൊല്ലത്തേയും തിരുവനന്തപുരത്തേയും കെട്ടിടങ്ങൾ 10 വർഷത്തിലധികമായി കെ.എം.എസ്.സി.എൽ. ഗോഡൗണുകളായി പ്രവർത്തിച്ചു വരുന്നവയാണ്.

തീ അണയ്ക്കുന്നതിനിടെ അഗ്നിരക്ഷാ സേനാംഗം മരിക്കാനിടയായ സംഭവം അങ്ങേയറ്റം വേദനാജനകമാണ്. ജോലിക്കിടെയാണ് ജീവൻ നഷ്ടപ്പെട്ടത് എന്നത് ഏറെ ദുഃഖകരമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായും മന്ത്രി അറിയിച്ചു.

# ക്ഷീരമേഖലയിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും: മന്ത്രി ചിഞ്ചുറാണി



**തൃശൂർ:** കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും കർഷകരുടെയും മിൽമയുടെയും സഹകരണത്തോടെ കേരളത്തിലെ ക്ഷീരകർഷകർക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. മിൽമ എറണാകുളം മേഖലാ യൂണിയനെ പ്രോമിസിംഗ് മിൽക്ക് യൂണിയനായി ദേശീയ ക്ഷീരവികസന ബോർഡ് തെരഞ്ഞെടുത്തതിൻറെ ഭാഗമായി നടപ്പാക്കുന്ന എട്ടുകോടി രൂപയുടെ പദ്ധതിയിൽ 20,000 ക്ഷീര കർഷകർക്ക് 10 ലിറ്റർ പാൽകൊള്ളുന്ന സ്റ്റീൽ ക്യാനുകളുടെ വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ദേശീയ ക്ഷീര വികസന ബോർഡ് വഴി കേന്ദ്ര ഗവൺമെൻറിൽ നിന്നും ക്ഷീരമേഖലയുടെ വികസനത്തിനായി നിരവധി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

മേയർ എം.കെ. വർഗീസ് അധ്യക്ഷത വഹിച്ചു. ടി.എൻ. പ്രതാപൻ ഹെൽപ്പ് ടു ഫാർമേഴ്സ് പദ്ധതികളുടെ വിതരണം നടത്തി. ദേശീയ വികസന ബോർഡ് ചെയർമാൻ മീനേഷ്. സി. ഷാ സന്ദേശം നൽകി. മിൽമ മേഖലാ യൂണിയൻ ചെയർമാൻ എം.ടി. ജയൻ, മാനേജിംഗ് ഡയറക്ടർ വിൽസൺ. ജെ. പുറവക്കാട്ട്, കോർപറേഷൻ കൗൺസിലർമാരായ എൻ.വി. രാധിക, സതീഷ്കുമാർ, മിൽമ സംസ്ഥാന ഭരണസമിതി അംഗങ്ങളായ ഭാസ്കരൻ ആദംകവിൽ, താര ഉണ്ണികൃഷ്ണൻ, കെ.കെ. ജോൺസൺ, ജോണി ജോസഫ്, മിൽമ മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങളായ ജോൺ തെരുവത്ത്, ഷാജു വെളിയൻ, ടി.എൻ. സത്യാൻ, സോണി ഈറ്റക്കൽ, ജോമോൻ ജോസഫ്, ഗോപാലകൃഷ്ണൻ നായർ തുടങ്ങിയവർ പ്രസംഗിച്ചു.

# റേഷൻ മുതൽ ബാങ്കിംഗ് വരെ ഒരു കുടക്കീഴിൽ

**കൽപ്പറ്റ:** മിനി ബാങ്കിംഗ്, അക്ഷയ കേന്ദ്രം, മാവേലി സ്റ്റോർ, മിനി ഗ്യാസ് ഏജൻസി, മിൽമാ ബൂത്ത് ഇവയെല്ലാം ഒരു കുടക്കീഴിൽ ലഭിക്കുന്ന കെ സ്റ്റോർ ഇനി മാനന്തവാടിയിലും. മാനന്തവാടി താലൂക്കിലെ ആദ്യ കെ സ്റ്റോർ ഒ.ആർ. കേളു എംഎൽഎ ഉദ്ഘാടനം ചെയ്തു. റേഷൻ കടകളുടെ സ്മാർട്ട് രൂപമാണ് കെ സ്റ്റോർ.

റേഷൻ കടകൾ വൈവിധ്യവത്ക്കരിച്ചുകൊണ്ട് കൂടുതൽ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കെ സ്റ്റോർ. തവിഞ്ഞാൽ പഞ്ചായത്തിലെ യവനാർകുളത്ത് പ്രവർത്തിക്കുന്ന 75ാം നമ്പർ റേഷൻ കടയാണ് കെ സ്റ്റോറായി മാറിയത്.

സംസ്ഥാന സർക്കാരിൻറെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തി ഭക്ഷ്യ പൊതുവിതരണ വകുപ്പിൻറെ കീഴിൽ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന പതിനായിരത്തിൽപ്പരം റേഷൻകടകളിൽ നിന്നും തെരഞ്ഞെടുത്ത 108 റേഷൻകടകളാണ് ആദ്യഘട്ടത്തിൽ കെ സ്റ്റോറുകളായി മാറുന്നത്. ആധാർ ബന്ധിത റേഷൻകാർഡ് സംവിധാനത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങൾക്ക് പുറമേ സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, അഞ്ച് കിലോ തൂക്കമുള്ള ഛോട്ടു പാചകവാതക സിലിണ്ടറുകൾ, ഇലക്ട്രിസിറ്റി ബിൽ, ടെലഫോൺ ബിൽ എന്നിവയുടെ അടവ്, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഓൺലൈൻ സർവ്വീസുകൾ ആവശ്യാർത്ഥം ജനങ്ങളിലെത്തിക്കുന്ന സംവിധാനമാണ് കെ സ്റ്റോർ എന്ന കേരള സ്റ്റോർ. റേഷൻ കടകൾ വിപുലപ്പെടുത്തിയും നവീകരിച്ചുമാണ് പുതിയ സംവിധാനം നടപ്പാക്കുന്നത്.

ചടങ്ങിൽ തവിഞ്ഞാൽ പഞ്ചായത്ത് പ്രസിഡൻറ് എൽസി ജോയ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജസ്റ്റിൻ ബേബി മുഖ്യപ്രഭാഷണം നടത്തി. ആദ്യ വിൽപ്പന പഞ്ചായത്ത് പ്രസിഡൻറ് എൽസി ജോയ് നിർവഹിച്ചു.

പഞ്ചായത്ത് അംഗങ്ങളായ ജോസഫ് മറ്റത്തിലാനി, മനോഷ് ലാൽ, താലൂക്ക് സപ്ലൈ ഓഫീസർ ആർ. മഞ്ജു, റേഷനിംഗ് ഇൻസ്പെക്ടർ എസ്. ജാഫർ, രാഷ്ട്രീയ പ്രതിനിധികൾ, റേഷൻ വ്യാപാരി സംഘടന പ്രതിനിധികൾ, റേഷൻ വ്യാപാരികൾ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

# നിയമങ്ങളും ചട്ടങ്ങളും പൗരന്മാർക്ക് അനുകൂലമായി വ്യാഖ്യാനിക്കണം : മന്ത്രി പി. രാജീവ്




**കൊച്ചി:** പൗരന്മാർക്ക് സഹായങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലാണ് നിയമങ്ങളും ചട്ടങ്ങളും വ്യാഖ്യാനിക്കേണ്ടതെന്ന് മന്ത്രി പി. രാജീവ്. കരുതലും കൈത്താങ്ങും കൊച്ചി താലൂക്കുതല അദാലത്ത് മട്ടാഞ്ചേരി ടി.ഡി. ഹൈസ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൊളോണിയൽ സംവിധാനത്തിൽ നിന്ന് ജനാധിപത്യസംവിധാനത്തിലേക്ക് മാറിയെങ്കിലും സംശയത്തിന്റെ കണ്ണടയോടു കൂടിയാണ് ഉദ്യോഗസ്ഥർ പൊതുജനങ്ങളെ കാണുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം എന്ന സമീപനമാണ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടത്. ഓരോ വളപ്പിലും ലഭിക്കുന്ന പരാതികളിൽ അദാലത്തിലെടുക്കുന്ന തീരുമാനങ്ങൾ സംബന്ധിച്ച തുടർ പരിശോധന ഓരോ ജില്ലാതല ഉദ്യോഗസ്ഥരും ആഴ്ചയിലൊരിക്കൽ നടത്തണം. അദാലത്ത് തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു. ചുവപ്പുനാടയിൽ കുടുങ്ങി പരാതികൾ തീർപ്പാകാതെ കിടക്കരുതെന്ന സർക്കാരിന്റെ ശാഠ്യമാണ് അദാലത്ത് നടത്തിപ്പിനു പിന്നിലെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി. പ്രസാദ് പറഞ്ഞു. കാലതാമസത്തിന്റെയും കടമ്പകളുടെയും രീതി തുടരാൻ സർക്കാരിന് കഴിയില്ല. ഓരോ ഫയലും ഒരു ജീവിതമാണെന്ന വസ്തുത കണക്കിലെടുത്ത് ഉദ്യോഗസ്ഥർ പ്രവർത്തിക്കണം. പൊതുസമൂഹത്തിന്റെ മികച്ച പിന്തുണയാണ് അദാലത്തിന് ലഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു. 18 പേർക്ക് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡുകൾ വേദിയിൽ വിതരണം ചെയ്തു. അദാലത്തിൽ തീർപ്പായ രേഖകളും വേദിയിൽ വിതരണം ചെയ്തു.എം.എൽ എ മാരായ കെ.ജെ. മാക്സി, കെ.എൻ. ഉണ്ണികൃഷ്ണൻ, കൗൺസിലർ കെ.എ. മനാഫ്, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, സബ് കളക്ടർ പി. വിഷ്ണു രാജ്, ഡെപ്യൂട്ടി കളക്ടർമാരായ ഉഷ ബിന്ദു മോൾ, ബി.അനിൽകുമാർ, എസ്. ബിന്ദു, ഹുസൂർ ശിരസ്തദാർ കെ. അനിൽകുമാർ മേനോൻ, കൊച്ചി താലൂക്ക് തഹസിൽദാർ സുനിത ജേക്കബ്ബ് തുടങ്ങിയവർ പങ്കെടുത്തു.

# മാലിന്യ സംസ്കരണം:ഹീൽ പദ്ധതിയിൽ കൃഷി വകുപ്പ് സഹകരിക്കും

**കൊച്ചി:**കൊച്ചി നഗരത്തിലെ മാലിന്യ സംസ്കരണ പ്രതിസന്ധി മറികടക്കുന്നതിന് നഗരസഭയുടെ ഹീൽ പദ്ധതിയിൽ കൃഷി വകുപ്പ് കൂടി സഹകരിക്കുമെന്ന് മേയർ അഡ്വ.എം.അനിൽകുമാർ.നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 1,13,00,000 (ഒരു കോടി പതിമൂന്ന് ലക്ഷം രൂപ) ചെലവിൽ നഗരത്തിലെ 5794 വീടുകളിലേയ്ക്ക് ഒരു ബയോ ബിന്നും 5 ചട്ടികളും വിതരണം ചെയ്യുന്നതാണ്. ഒരു ഗുണഭോക്താവ് 625 രൂപയാണ് ബയോബിന്നിനും 5 ചട്ടികൾക്കുമായി അടക്കേണ്ടി വരുന്നത്. മാലിന്യ സംസ്ക്കരണത്തിന് പൂർണ്ണമായി വികേന്ദ്രീകൃത സംവിധാനങ്ങൾ എന്ന നിലപാടല്ല കൊച്ചി നഗരസഭ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്. വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കേന്ദ്രീകൃത പ്ലാൻറ് എന്നുള്ള ആശയവുമായി മുന്നോട്ട് പോകുന്നതാണെന്നും മേയർ പറഞ്ഞു.ആദ്യഘട്ടത്തിൽ 10% വികേന്ദ്രീകൃത സംവിധാനങ്ങൾ അതായത് നഗരപരിധിയിലെ 20,000 വീടുകളിൽ ബയോബിന്നുകളും ചട്ടികളും നൽകിക്കൊണ്ട് മാലിന്യ സംസ്ക്കരണത്തോടൊപ്പം കൃഷി ചെയ്യുന്നതിനും ഊന്നൽ നൽകുന്നതാണ്. ഡിവിഷൻ കൗൺസിലർമാരുടെയും എഡ്രാക്ക് പോലുള്ള സംഘടനകളുടെയും, കുടുംബശ്രീ, സി.ഡി.എസ് എന്നിവരുടെ സഹായത്തോടെ ഗുണഭോക്താക്കളെ 15 ദിവസത്തിനകം കണ്ടെത്തും. ഹീൽബോക്സുകൾ വയ്ക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള 10 ഡിവിഷനുകളിൽ നബാർഡിന്റെ സഹായത്തോടെയും സി.എസ്.ആർ ഫണ്ടുകൾ ലഭ്യമാക്കിയും സാമ്പത്തിക സഹായം നൽകും. സഹകരണ സംഘങ്ങളും നഗരസഭയോട് സഹകരിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന 50 സഹകരണ സംഘങ്ങൾ അവരുടെ പൊതുനന്മ ഫണ്ടിൽ നിന്നും സഹായം ലഭ്യമാക്കി കൊണ്ടും കുറഞ്ഞ പലിശനിരക്കിൽ ലോൺ നൽകിക്കൊണ്ടും ബയോബിന്നുകൾ നൽകുന്ന ഉദ്യമത്തോട് സഹകരണം അറിയിച്ചിട്ടുണ്ട്. കൃഷി വകുപ്പും പ്ലാൻഫണ്ടിന്റെ ഭാഗമായുള്ള ഫണ്ടുകൾ നൽകുന്നതിൽ കൊച്ചി നഗരസഭയ്ക്ക് മുൻഗണന നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ശുചിത്വ മിഷൻ, സി.എസ്.ആർ ഫണ്ട്, നബാർഡ്, സഹകരണ സംഘങ്ങൾ, കൃഷി വകുപ്പ് എന്നിവരുടെ സഹകരണത്തോടെ ബയോബിന്നുകളും കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനാണ് നഗരസഭ ലക്ഷ്യം വയ്ക്കുന്നത്. 20,000 ബയോബിന്നുകളിലൂടെ 20 ടൺ മാലിന്യം കുറയ്ക്കുന്നതിനും 10 ഹീൽ ബോക്സുകളിലൂടെ 10 ടൺ മാലിന്യവും കുറയ്ക്കുന്നതിലൂടെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നഗരസഭയുടെ ചെലവുകൾ കുറയ്ക്കുന്നതിന് സാധിക്കുന്നതാണ്. കേന്ദ്രീകൃത സംവിധാനം ഏത് രീതിയിൽ വേണമെന്നുള്ളത് അടുത്ത ദിവസം ചേരുന്ന പ്രത്യേക കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. ഡയപ്പർ, സ്നഗ്ഗി പോലുള്ള ബയോമെഡിക്കൽ വേസ്റ്റുകൾ ഏജൻസിക്ക് കിലോ 45 രൂപ നിരക്കിൽ നൽകുന്നതിന് പ്രയാസം നേരിടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കും വൃദ്ധ സദനങ്ങൾ ഉൾപ്പെടുയുള്ളവരുടെ കാര്യത്തിലും നഗരസഭ കോസബ്സിഡൈസ് ചെയ്യുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്. വീടുകളിൽ നിന്നുള്ള മാലിന്യം നൽകുന്നതിന് ഹരിത കർമ്മ സേനയ്ക്ക് പണം നൽകുന്നതിന് ബുദ്ധിമുട്ടുള്ള വീടുകളെയും വാർഡുസഭ വഴി കണ്ടെത്തി അർഹരായവരുടെ തുക നഗരസഭ വഹിക്കുന്നതിനും സർക്കാർ അംഗീകാരം തേടുന്നതാണ്.

# വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധാരൂപിയുടെ തിരുനാളിന് തുടക്കമായി



**കൊച്ചി:** ചരിത്രപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ ഈ വർഷത്തെ പെന്തക്കോസ്ത തിരുനാളിന് വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത റവ.ഡോ. ജോസഫ് കളത്തിപ്പറമ്പിൽ കൊടിയേറ്റിയതോടെ തുടക്കമായി. തുടർന്നുള്ള ദിവ്യബലിയിൽ അദ്ദേഹം മുഖ്യ കാർമ്മികനായിരുന്നു. ഫാ. ഡയസ് വലിയമരത്തിങ്കൽ പ്രസംഗിച്ചു. പോർച്ചുഗീസ് മിഷനറിമാരാൽ എ.ഡി1524 ൽ വിമോചകനാഥയുടെ തിരുച്ചിത്രം സ്ഥാപിച്ചതും പിൽക്കാലത്ത് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ നാമത്തിൽ പ്രശസ്തിയാർജ്ജിച്ചതുമായ വല്ലാർപാടം ബസിലിക്ക, പരിശുദ്ധാരൂപിയുടെ നാമധേയത്തിലുള്ള ഏഷ്യയിലെ ഏക ദേവാലയമാണ്. ആറു നാൾ നീണ്ടു നില്ക്കുന്ന തിരുനാളാഘോഷങ്ങൾ 28ന് ഞായറാഴ്ച്ച സമാപിക്കും. തിരുനാൾ ദിനങ്ങളിലെ തിരുക്കർമ്മങ്ങളിൽ ഫാ.ജിബിൻ കൈമലത്ത്, ഫാ.ജേക്കബ് ബൈജു ബെൻ പഷ്ണിപ്പറമ്പിൽ, ഫാ.പോൾസൺ കൊട്ടിയത്ത്, ഫാ.ജോർജ് ജിത്തു വട്ടപ്പിള്ളി, എന്നിവർ മുഖ്യകാർമ്മികരായിരിക്കും. സമാപന ദിനത്തിലെ തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപതാ ആർച്ച് ബിഷപ്പ് എമിരിതൂസ് റവ.ഡോ.ഫ്രാൻസീസ് കല്ലറക്കൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഫാ. അഗസ്റ്റിൻ പുതിയകുളങ്ങര  പ്രസംഗിക്കും. ജൂൺ 4 ന് ഞായറാഴ്ച്ചയാണ് എട്ടാം തിരുനാൾ.ഇരുപത്തിയൊൻപത് പേരടങ്ങുന്ന പ്രസുദേന്തി കൂട്ടായ്മയാണ് തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നത്.തിരുനാളാഘോഷങ്ങളുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായതായി റെക്ടർ റവ. ഡോ. ആൻറണി വാലുങ്കൽ, സഹവികാരിമാരായ ഫാ.മിഥുൻ ജോസഫ് ചെമ്മായത്ത്, ഫാ.സിനു ചമ്മണിക്കോടത്ത്, ഫാ.ആന്റണി ഫ്രാൻസീസ് മണപ്പറമ്പിൽ എന്നിവർ അറിയിച്ചു.

## വൈപ്പിനിൽനിന്നു നഗരത്തിലേക്കുള്ള ബസ് യാത്ര; കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചു

**കൊച്ചി:** വൈപ്പിനിൽനിന്നു കൊച്ചി നഗരത്തിലേക്കുള്ള ബസ് യാത്രാ സൗകര്യത്തിനു സംസ്ഥാന ഗതാഗത വകുപ്പ് തയാറാക്കിയ പുതിയ സ്കീമിന്റെ കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പുതിയ സ്കീം പ്രകാരം പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽനിന്ന് ചെറായി, ബോൾഗാട്ടി പാലസ് ജങ്ഷൻ, ഹൈക്കോർട്ട് ജങ്ഷൻ, ജെട്ടി ബസ് സ്റ്റാൻഡ്, കടവന്ത്ര വഴി വൈറ്റില ഹബ്ബിലേക്കും കൂനമ്മാവ്, ചേരാനെല്ലൂർ ജങ്ഷൻ, കണ്ടെയ്നർ റോഡ്, ഹൈക്കോർട്ട് ജങ്ഷൻ, കലൂർ, പാലാരിവട്ടം വഴി കാക്കനാടേക്കും കെ.എസ്.ആർ.ടി.സി. സർവീസ് നടത്തും. പറവൂർ  വൈറ്റില ഹബ് 36 കിലോമീറ്ററും പറവൂർ  കാക്കനാട് റൂട്ട് 34 കിലോമീറ്ററുമാണുള്ളത്. ചേരാനെല്ലൂർ സിഗ്നൽ ജങ്ഷൻ മുതൽ കണ്ടെയ്നർ റോഡ് വഴി ബോൾഗാട്ടി പാലസ് ജങ്ഷൻ വരെയുള്ള 11 കിലോമീറ്ററോ അതിന്റെ ഏതെങ്കിലും ഭാഗത്തോ നിലവിൽ സ്വകാര്യ ബസുകൾക്കു നൽകിയിരിക്കുന്ന പെർമിറ്റ് അതിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ തുടരാൻ അനുവദിക്കും. അതിനു ശേഷം ഈ റൂട്ടിൽ സ്ഥിരമോ താത്കാലികമോ ആയ പെർമിറ്റ് നൽകില്ല. പുതിയ സ്കീം പ്രകാരം കെ.എസ്.ആർ.ടി.സി സർവീസ് നടത്തുന്ന റൂട്ടിൽ യാത്രക്കാരുടെ ആവശ്യത്തിനനുസരിച്ച് ബസുകൾ സർവീസ് നടത്തും. ആവശ്യം മുൻനിർത്തിയുള്ള ട്രിപ്പുകളുമുണ്ടാകും. സർവീസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും. ടിക്കറ്റ് ചാർജ് അടക്കമുള്ള മറ്റു കാര്യങ്ങളിൽ കെ.എസ്.ആർ.ടി.സിയിൽ നിലവിലുള്ള നിരക്ക് സ്വീകരിക്കുമെന്നും വിജ്ഞാപനത്തിൽ പറയുന്നു.വിശദമായ വിജ്ഞാപനം സർക്കാർ ഗസറ്റിൽ മേയ് 19നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (നോട്ടിഫിക്കേഷൻ നം. ആ1/134/2022/Trans, തീയതി 17 മേയ് 2023). കരട് വിജ്ഞാപത്തിലെ സ്കീമുമായി ബന്ധപ്പെട്ട പരാതികൾ സെക്രട്ടറി ടു ഗവൺമെന്റ്, ഗതാഗത വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 30 ദിവസത്തിനകം നൽകണം.

# ഗ്രേറ്റ് 4X4 എക്സ്പെഡിഷൻ പ്രഖ്യാപിച്ച് ടൊയോട്ട




**കൊച്ചി:** രാജ്യത്തുടനീളമുള്ള വാഹന പ്രേമികൾക്ക് 4x4 ഡ്രൈവിംഗ് അനുഭവം വാഗ്ദാനം ചെയ്യുന്ന തങ്ങളുടെ ആദ്യ സംരംഭം പ്രഖ്യാപിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ്. 'ഗ്രാൻഡ് നാഷണൽ 4X4 എക്സ്പെഡിഷൻ' എന്ന പേരിൽ ഈ വർഷം രാജ്യത്ത് നാല് സോണുകളിലായാണ് (നോർത്ത്, സൗത്ത്, വെസ്റ്റ്, ഈസ്റ്റ്) ടൊയോട്ട എക്സ്പീരിയൻസ് ഡ്രൈവ് സംഘടിപ്പിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. രാജ്യവ്യാപകമായി 4x4 എസ്‌യുവി കമ്മ്യൂണിറ്റിയുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഡ്രൈവുകൾ ആവേശകരവും പ്രചോദനപരവുമായ അനുഭവം വാഗ്ദാനം ചെയ്യുന്നു. ഈ സംരംഭത്തിലൂടെ ഡ്രൈവിന്റെ ഭാഗമാകുന്ന സാഹസികത ഇഷ്ടപ്പെടുന്നവരെ ഒത്തുചേർക്കാനും അവരുടെ അതിരുകൾ ഭേദിച്ച് പുത്തൻ പര്യവേക്ഷണങ്ങൾ ചെയ്യാനും ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് ലക്ഷ്യമിടുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ടൊയോട്ടയുടെ എസ്യുവികളായ ഹൈലക്സ്, ഫോർച്യൂണർ 4X4, എൽ.സി 300, ഹൈറൈഡർ എ.ഡബ്ല്യൂ.ഡി അടക്കമുള്ള വാഹനങ്ങളടങ്ങുന്ന വാഹനവ്യൂഹം ഓരോ സോണിലും നടക്കുന്ന പരിപാടിയിൽ അവതരിപ്പിക്കും. കൂടാതെ, ടൊയോട്ട ഇന്ത്യയിൽ ആദ്യമായി സംഘടിപ്പിക്കുന്ന ഗ്രേറ്റ് 4X4 എക്സ്പെഡിഷന്റെ ഭാഗമാകുന്ന മറ്റ് എസ്‌യുവി ബ്രാൻഡ് ഉടമകളുടെ പങ്കാളിത്തം ഈ എക്സ്പീരിയൻഷ്യൽ ഡ്രൈവിന്റെ പ്രത്യേകതയാണ്. പരമാവധി ഓഫ്റോഡ് അനുഭവം വാഗ്ദാനം ചെയ്യുന്നതിന് ആർട്ടിക്കുലേഷൻ, സൈഡ് ഇൻക്ലൈനുകൾ, റാംബ്ലർ, ഡീപ് ഡിച്ച്, സ്ലഷ്, റോക്കി ബെഡ് തുടങ്ങി നിരവധി വെല്ലുവിളി നിറഞ്ഞ തടസ്സങ്ങളോടെ അധിക 4ഡബ്ല്യുഡി ട്രാക്കുകളും ടൊയോട്ട സൃഷ്ടിച്ചിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഐസിഐസിഐ പുതിയ ഡെബ്റ്റ് ഫണ്ട് അവതരിപ്പിച്ചു

ICICI PRUDENTIAL LIFE INSURANCE

**തിരുവനന്തപുരം:** ഉപഭോക്താക്കൾക്ക് നിലവിലെ ഉയർന്ന പലിശ നിരക്കിൽ തങ്ങളുടെ നിക്ഷേപങ്ങൾ ലോക്ക് ചെയ്യാൻ സൗകര്യം നൽകുന്നതിനും, ദീർഘകാല സമ്പത്ത് സൃഷ്ടിച്ച് സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്നതിനും പുതിയ ഡെബ്റ്റ് ഫണ്ടായ പ്രു കോൺസ്റ്റന്റ് മച്യൂരിറ്റി ഫണ്ട് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് അവതരിപ്പിച്ചു. ലൈഫ് ഇൻഷുറൻസ് മേഖലയിൽ നിന്നുള്ള ഇത്തരത്തിലെ ആദ്യ ഫണ്ടായ ഇത് നിലവിലുള്ള പലിശ നിരക്കു രീതിയിൽ നിക്ഷേപിക്കാനുള്ള മികച്ച അവസരമാണ് ഉപഭോക്താക്കൾക്കു നൽകുന്നത്. പലിശ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുമ്പോൾ പലിശ നിരക്കിലുണ്ടാകുന്ന ഏത് ഇടിവും ഡെബ്റ്റ് പദ്ധതികളെ ആകർഷകമായ ഒരു നിക്ഷേപ അവസരമാക്കി മാറ്റുമെന്ന് കമ്പനി അവകാശപ്പെട്ടു. കമ്പനിയുടെ പതാകവാഹക യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻസ് (യൂലിപ്) പദ്ധതികളുമായുള്ള നിക്ഷേപത്തിനാണ് ഈ ഫണ്ട് ലഭ്യമായിട്ടുള്ളത്. ലൈഫ് പരിരക്ഷ, കുടുംബത്തിന് സാമ്പത്തിക സുരക്ഷിതത്വം, ദീർഘകാലത്തിൽ സമ്പത്തു സൃഷ്ടിക്കാനുള്ള അവസരം തുടങ്ങിയവയാണ് യൂലിപ് പദ്ധതികൾ ഉപഭോക്താക്കൾക്കു നൽകുന്നത്. 2023 മെയ് 15 മുതൽ ഐസിഐസിഐ പ്രു കോൺസ്റ്റന്റ് മച്യൂരിറ്റി ഫണ്ടിന്റെ യൂണിറ്റുകൾ ലഭ്യമാക്കി തുടങ്ങി. യൂലിപ്പിലുള്ള നിക്ഷേപങ്ങൾ വാർഷിക പ്രീമിയത്തിന്റെ 10 മടങ്ങ് ലൈഫ് ഇൻഷുറൻസ് നൽകുന്നതാണെങ്കിൽ 2.5 ലക്ഷം രൂപ വരയുള്ള വാർഷിക നിക്ഷേപങ്ങൾക്ക് നികുതി ആനുകൂല്യങ്ങൾ നൽകുകയും കാലാവധി കഴിഞ്ഞു കിട്ടുന്ന തുക നികുതി വിമുക്തമായിരിക്കുകയും ചെയ്യും. സ്ഥിര വരുമാന യൂലിപ് വിഭാഗത്തിൽ ഇത്തരത്തിൽ ഒരു പദ്ധതി അവതരിപ്പിക്കുന്ന ആദ്യ ഇൻഷുറൻസ് സ്ഥാപനമായി മാറാൻ വഴിയൊരുക്കിയ സവിശേഷമായ ഈ ഡെബ്റ്റ് പദ്ധതി പുറത്തിറക്കാൻ തങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഫിക്സഡ് ഇൻകം വിഭാഗം മേധാവി അരുൺ ശ്രീനിവാസൻ പറഞ്ഞു.

# നോക്കിയ സി32 അവതരിപ്പിച്ചു







**കൊച്ചി:** നോക്കിയ ഫോണുകളുടെ നിർമാതാക്കളായ എച്ച്എംഡി ഗ്ലോബൽ, മികച്ച ഫീച്ചറുകളുമായി നോക്കിയ സി32 അവതരിപ്പിച്ചു. 50 എംപി ഡ്യുവൽ കാമറയുള്ള ജനപ്രിയ സി സീരീസ് ശ്രേണിയിലെ ആദ്യത്തെ സ്മാർട്ട്ഫോൺ കൂടിയാണ് നോക്കിയ സി32. നവീനമായ ഡിസൈനിൽ ഏറ്റവും പുതിയ ആൻഡ്രോയിഡ് 13നൊപ്പം എത്തുന്ന ഫോണിന് പ്രീമിയം അനുഭവത്തിനായി ഒരു ടഫൻഡ് ഗ്ലാസ് ഫിനിഷുമുണ്ട്. 6.5 ഇഞ്ച് എച്ച്ഡി പ്ലസ് ഡിസ്പ്ലേയാണ് ഫോണിന്. 50 മെഗാപിക്സൽ എഐ ക്യാമറയും, 8 എംപി സെൽഫി ക്യാമറയും ഏത് വെളിച്ചത്തിലും മികച്ച ചിത്രങ്ങൾ ഉറപ്പാക്കും. ഉപഭോക്താക്കൾക്ക് ഇഷ്ടാനുസൃതമാക്കാനാവുന്ന 13 ആപ്പുകളും ഫോണിലുണ്ട്. മുന്നിലും പിന്നിലും ടഫൻഡ് ഗ്ലാസ് ഉപയോഗിച്ചിരിക്കുന്നതിനാൽ പോറലുകൾ ഉൾപ്പെടെയുള്ളവയിൽ നിന്ന് ഫോണിന് സംരക്ഷണമുണ്ടാവും. സൂപ്പർ ബാറ്ററി സേവറും ഫോണിനെ ഒറ്റ ചാർജിൽ മൂന്ന് ദിവസം വരെ നിലനിർത്താനും സഹായിക്കും. ഉപഭോക്താക്കളുടെ ഡേറ്റാ സുരക്ഷക്കായി രണ്ട് വർഷത്തെ സെക്യൂരിറ്റി അപ്ഡേറ്റുകളും നോക്കിയ സി32 ഉറപ്പുനൽകുന്നു. ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരന്റി കൂടാതെയാണിത്.നോക്കിയ സി22ന്റെ വിജയകരമായ അവതരണത്തിന് ശേഷം, വിശ്വസനീയമായ പ്രകടനവും അതിശയകരമായ ചിത്രങ്ങളും, ദീർഘകാല ബാറ്ററി ലൈഫും നൽകുന്ന നോക്കിയ സി32 അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്ന് എച്ച്എംഡി ഗ്ലോബൽ ഇന്ത്യ ആൻഡ് എപിഎസി വൈസ് പ്രസിഡന്റ് രവി കുൻവാർ പറഞ്ഞു.3ജിബി അധിക വെർച്വൽ റാമും മെമ്മറി എക്സ്റ്റൻഷനുമായാണ് നോക്കിയ സി32 വരുന്നത്. ചാർക്കോൾ, ബ്രീസി മിന്റ്, ബീച്ച് പിങ്ക് എന്നിങ്ങനെ മൂന്ന് നിറഭേദങ്ങളിൽ ഇന്ന് മുതൽ ചീസമ.രീ സ്റ്റോറിലും, അംഗീകൃത സെന്ററുകളിലും നോക്കിയ സി32 ലഭിക്കും. 4ജിബി+64ജിബി, 4ജിബി+128ജിബി സ്റ്റോറേജ് മോഡലുകൾക്ക് യഥാക്രമം 8999 രൂപ, 9499 രൂപ എന്നിങ്ങനെയാണ് വില. ജിയോ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കൾക്ക് ഫോൺ വാങ്ങുമ്പോൾ അധിക ഡേറ്റാ ഉൾപ്പെടെയുള്ള നിരവധി ആനുകൂല്യങ്ങളും ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# സൺസ്റ്റോണുമായി ധാരണാപത്രം ഒപ്പുവെച്ച് ജെയ് ഭാരത് സ്കൂൾ ഓഫ് മാനേജുമെന്റ് സ്റ്റഡീസ്

SUNSTONE

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ രംഗത്തെ ഇന്ത്യയിലെ മുൻനിര സ്റ്റാർട്ട് അപ്പും 35 പട്ടണങ്ങളിലായി അൻപതിലേറെ സ്ഥാപനങ്ങളിൽ സാന്നിധ്യമുള്ള സ്ഥാപനവുമായ സൺസ്റ്റോണിന്റെ നേട്ടങ്ങൾ ഇപ്പോൾ എഐസിടി അക്രഡിറ്റഡ് കോളേജായ ജയ് ഭാരത് സ്കൂൾ ഓഫ് മാനേജുമെൻറ് സ്റ്റഡീസിൽ ലഭ്യമാകും. കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപന ശൃംഖലകളിൽ ഒന്നായ ജയ് ഭാരത് ബിരുദാനന്തര ബിരുദ തലത്തിൽ വിവിധ വിഭാഗങ്ങളിലായി നിരവധി കോഴ്സുകളാണ് ലഭ്യമാക്കുന്നതെന്നും സൺസ്റ്റോണിൻറെ നേട്ടങ്ങൾ ജയ് ഭാരത് സ്കൂൾ ഓഫ് മാനേജുമെൻറ് സ്റ്റഡീസിൻറെ എംബിഎ പ്രോഗ്രാമുകളിൽ എൻറോൾ ചെയ്യുന്നവർക്കു ലഭിക്കുമെന്നും ജയ് ഭാരത് ഗ്രൂപ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ എ എം ഖരീം പറഞ്ഞു. യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്കു കൂടുതൽ വിപുലമായ അവസരങ്ങൾ ലഭ്യമാക്കുന്നതിൻറെ ഭാഗമാണ് സൺസ്റ്റോണുമായുള്ള ധാരണാ പത്രം.വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട പ്ലെയ്സ്മെൻറുകൾ ലഭിക്കാൻ ധാരണാ പത്രം വഴിയൊരുക്കുമെന്നും അദ്ദേഹം പറഞ്ഞു.ജയ് ഭാരത് സ്കൂൾ ഓഫ് മാനേജുമെൻറ് സ്റ്റഡീസിലെ വിദ്യാർത്ഥികൾക്ക് സൺസ്റ്റോണിൻറെ നേട്ടങ്ങൾ ലഭ്യമാക്കുന്നതിൽ തങ്ങൾക്ക് ആഹ്ലാദമുണ്ടെന്ന് സൺസ്റ്റോൺ സഹസ്ഥാപകനും സിഒഒയുമായ പിയൂഷ് നൻഗ്രൂ പറഞ്ഞു. ജയ് ഭാരത് വിദ്യാർത്ഥികൾക്ക് പ്രായോഗിക ജ്ഞാനവും വ്യവസായങ്ങളിലുള്ള പരിചയവും സാങ്കേതികവിദ്യാ അധിഷ്ഠിത പരിശീലനവും നൽകുകയാണ് തങ്ങളുടെ പ്രാഥമിക ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ, പ്രത്യേകിച്ച് ചെറുപട്ടണങ്ങളിൽ, അനുഭവപ്പെടുന്ന വ്യവസായവും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുകയാണ് സൺസ്റ്റോണിൻറെ പ്രതിബദ്ധതയെന്നും അദ്ദേഹം പറഞ്ഞു.സൺസ്റ്റോൺ കാമ്പസുകളിൽ എൻറോൾ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് വ്യവസായ അധിഷ്ഠിത പഠന പദ്ധതിയുടെ നേട്ടം നൽകുന്ന രീതിയിലുള്ള ആധുനീക സർട്ടിഫിക്കേഷനുകളുണ്ടുള്ളത്. ലൈഫ് സ്കിൽ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ വഴി താൽപര്യമുള്ള മേഖലകളിലെത്താനുള്ള പരിശീലനങ്ങളും സൺസ്റ്റോൺ നൽകുന്നുണ്ട്. ഈവൻറുകൾ, സ്പോർട്ട്സ് മീറ്റുകൾ, സാംസ്കാരിക ഉത്സവങ്ങൾ, വിദ്യാർത്ഥി വിനിമയ പദ്ധതികൾ, സൺസ്റ്റോൺ ഡിജിറ്റൽ സ്റ്റുഡൻറ് ശൃംഖലയിലെ അംഗത്വം തുടങ്ങിയവ വഴിയാണിതു ലഭ്യമാക്കുന്നത്. ഇതിലൂടെ കൂടുതൽ സമഗ്ര വിദ്യാഭ്യാസവും ലഭിക്കും.ജെയ് ഭാരത് സ്കൂൾ ഓഫ് മാനേജുമെൻറ് സ്റ്റഡീസിൽ സൺസ്റ്റോൺ വഴി ലഭിക്കുന്ന നേട്ടങ്ങളെ കുറിച്ചു കൂടുതൽ അറിയുവാൻ https://sunstone.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ആക്സിസ് ബാങ്ക് 'സാരഥി' അവതരിപ്പിച്ചു

AXIS BANK

**കൊച്ചി:** ആക്സിസ് ബാങ്ക് വ്യാപാരികൾക്ക് ഇലക്ട്രോണിക് ഡാറ്റ ക്യാപ്ചർ (ഇഡിസി) അല്ലെങ്കിൽ പോയിന്റ് ഓഫ് സെയിൽ (പിഒഎസ്) ലഭ്യമാക്കുന്നതിന് ഇത്തരത്തിലുള്ള ആദ്യത്തെ ഡിജിറ്റൽ ഓൺബോർഡിംഗ് സംവിധാനം 'സാരഥി' അവതരിപ്പിച്ചു.ഓൺബോർഡിംഗ് പ്രക്രിയയിൽ നിന്ന് വ്യത്യസ്തമായി പിഒഎസ് മെഷീൻ സ്ഥാപിക്കുന്നതിന് ആവശ്യമായ രേഖകളും മറ്റ് വിവരങ്ങളും ലളിതമായ നാല് ഘട്ടങ്ങളിലൂടെ, ഓൺബോർഡിംഗ് പ്രക്രിയ കടലാസ് രഹിതമായി സമർപ്പിക്കാനും കാത്തിരിപ്പില്ലാതെ പിഒഎസ് ടെർമിനൽ ലഭ്യമാകാനും സാരഥി വ്യാപാരികളെ സഹായിക്കുമെന്ന് ആക്സിസ് ബാങ്ക് പ്രസിഡൻറും കാർഡ്സ് ആന്റ് പെയ്മെന്റ് വിഭാഗം മേധാവിയും പ്രസിഡന്റുമായ സഞ്ജീവ് മോഖെ പറഞ്ഞു.രേഖകൾ സമർപ്പിക്കാൻ പലതവണ ബാങ്ക് ശാഖ സന്ദർശിക്കേണ്ട ബുദ്ധിമുട്ടും ഇതിലൂടെ ഇല്ലാതാകും. അപേക്ഷ പ്രോസസ്സ് ചെയ്ത അതേ ദിവസം തന്നെ ഇടപാടുകൾ നടത്താനും കഴിയും. ആപ്ലിക്കേഷൻ പ്രോസസ്സ് ചെയ്ത് 45 മിനിറ്റിനുള്ളിൽ ഇൻസ്റ്റോൾ ചെയ്യാനാകുമെന്നും സഞ്ജീവ് മോഖെ പറഞ്ഞു.

# 'സിമ്പിൾ വൺ' ആദ്യ ഇലക്ട്രിക് സ്കൂട്ടർ പുറത്തിറക്കി സിമ്പിൾ എനർജി



**കൊച്ചി:** ഇന്ത്യയിലെ മുൻ നിര ഇലക്ട്രിക് വാഹന, സംശുദ്ധ ഊർജ്ജ സ്റ്റാർട്ടപ്പായ സിമ്പിൾ എനർജി തങ്ങളുടെ ആദ്യത്തെ ഇലക്ട്രിക് ഇരുചക്ര വാഹനം പുറത്തിറക്കി. 1,45,000 രൂപ വിലയിലാണ് വാഹനം വിപണിയിലെത്തുന്നത്. സൂപ്പർ ഇവിസിമ്പിൾ വൺ 1,58,000 രൂപയിലും ലഭ്യമാകും. 750 വാട്ട് ചാർജ്ജർ കൂടി ഉൾപ്പെടുന്ന വിലയാണിതെന്ന കമ്പനി അധികൃതർ വ്യക്തമാക്കി.കഴിഞ്ഞ 18 മാസങ്ങളിൽ 1 ലക്ഷത്തിലധികം മുൻകൂട്ടിയുള്ള ബുക്കിങ്ങുകൾ രേഖപ്പെടുത്തിയതിലൂടെ സിമ്പിൾ വണ്ണിന് ലഭിച്ചിരിക്കുന്നത് അഭൂതപൂർവ്വമായ വരവേൽപ്പാണ്. ഇപ്പോൾ ഔദ്യോഗികമായി പുറത്തിറക്കിയതോടെ ബാംഗ്ലൂരിൽ നിന്ന് ആരംഭിച്ചു കൊണ്ട് ഘട്ടംഘട്ടമായി ഉപഭോക്താക്കൾക്ക് ഡെലിവറി നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും വരും ദിവസങ്ങളിൽ ഡെലിവറി ആരംഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ഇതിനു പുറമെ 160180 റീട്ടെയ്ൽ സ്റ്റോറുകൾ അടങ്ങുന്ന ഒരു ശൃംഖല വഴി അടുത്ത 12 മാസങ്ങളിൽ 4050 നഗരങ്ങളിലേക്ക് ചില്ലറ വിൽപ്പന പ്രവർത്തനങ്ങൾ വ്യാപകമാക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ഐഡിസിയിൽ(ഇന്ത്യൻ ഡ്രൈവിങ് സാഹചര്യം) 212 കിലോമീറ്റർ എന്ന റെയ്ഞ്ച് നൽകുന്ന സ്ഥിരമായി ഘടിപ്പിച്ചതും അഴിച്ചെടുത്ത് കൊണ്ടുപോകാവുന്നതുമായ ബാറ്ററികൾ ഉള്ള ഇരുചക്ര വാഹനമായ സിമ്പിൾ വൺ ഇന്ത്യയിലെ ഏറ്റവും ദീർഘമായ റെയ്ഞ്ച് നൽകുന്ന ഇലക്ട്രിക് ഇരുചക്ര വാഹനമായിരിക്കുമെന്നും കമ്പനി അധികൃതർ അവകാശപ്പെടുന്നു.

ആത്മനിർഭർ ഭാരത് എന്ന ഇന്ത്യാ സർക്കാരിന്റെ വീക്ഷണത്തിന് അനുസൃതമായി നിർമ്മിച്ച ഈ ഇരുചക്ര വാഹനം 214 ഐപി പോർട്ട്ഫോളിയോകൾ നൽകുന്ന കമ്പനിയിൽ നിന്നാണ് വന്നെത്തുന്നത്. ഇതിനു പുറമേ വെറും 2.77 സെക്കന്റുകളിൽ പൂജ്യത്തിൽ നിന്നും 40 കിലോമീറ്ററിലേക്ക് വേഗത കൈവരിക്കുന്ന ഇന്ത്യയിലെ ഏറ്റവും വേഗതയാർന്ന ഇലക്ട്രിക് ഇരുചക്ര വാഹനമായി മാറുകയും ചെയ്യുന്നു ഇത്. സിമ്പിൾ വണ്ണിനെ കൂടുതൽ അനുപമമാക്കുന്നത് ഇതാദ്യമായി തെർമൽ മാനേജ്മെന്റ് സംവിധാനത്തോടെ വന്നെത്തുന്നു ഈ സ്കൂട്ടർ എന്നതുകൂടിയാണ്. ഐഐടി ഇൻഡോറിന്റെ സഹകരണത്തോടു കൂടി വികസിപ്പിച്ചെടുത്ത ഈ സംവിധാനം താപവുമായി ബന്ധപ്പെട്ട ഏത് പ്രശ്നങ്ങളും പരിഹരിക്കുവാൻ സഹായിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ഈ വർഷം ആദ്യമാണ് ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് തമിഴ്നാട്ടിലെ ശൂലഗിരിയിൽ പുതിയ നിർമ്മാണ പ്ലാന്റായ സിമ്പിൾ വിഷൻ 1.0 ഉൽഘാടനം ചെയ്യുന്നത്. പ്രതിവർഷം 5 ലക്ഷം യൂണിറ്റുകളോളം ഉൽപ്പാദിപ്പിക്കുവാനുള്ള കഴിവ് ഈ പ്ലാന്റിനുണ്ട്. പുതിയ നിരവധി ഉൽപ്പന്നങ്ങൾ വരാനിരിക്കുന്നു. മാത്രമല്ല, ആർ ആന്റ് ഡിയിലാണ് കമ്പനി മുഖ്യ ശ്രദ്ധയുന്നുന്നതും. അതിനാൽ തന്നെ ഹരിത സഞ്ചാര മേഖലയിലേക്കുള്ള ആഗോള പരിവർത്തനത്തിന്റെ മുൻ നിരയിൽ നിലകൊള്ളുക എന്നതാണ് സിമ്പിൾ എനർജി ലക്ഷ്യമിടുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ജാവ യെസ്ഡി ഐബെക്സ് ട്രയിൽ 2023 സാൻസ്കറിൽ



**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്, ജാവ യെസ്ഡി നോമാഡ്സ് സംരംഭത്തിന് കീഴിലുള്ള പർവതങ്ങളിലേക്കുള്ള മുഖ്യ റൈഡായ ഐബെക്സ് ട്രയിലിന്റെ മൂന്നാം പതിപ്പ് പ്രഖ്യാപിച്ചു. രണ്ട് പതിപ്പിന് ശേഷം നടക്കുന്ന യാത്രയിൽ 1,132 കിലോമീറ്റർ ദൂരം റൈഡർമാർ ആകെ സഞ്ചരിക്കും. ജൂലൈ 13 മുതൽ 23 വരെ 11 ദിവസത്തെ റൈഡാണ് ഈ വർഷത്തെ പതിപ്പിലുള്ളത്. 17,480 അടി വരെ ഉയരമുള്ള സാൻസ്കർ മേഖലയിലെ പർവത പാതകളിലൂടെയുള്ള റൈഡിൽ മണാലി,ജിസ്പ, പൂർണെ,പാദും,പെന്സി ലാ, ഫോട്ടോക്സർ,ലേ, സർച്ചു,മണാലി പ്രദേശങ്ങൾ റൈഡർമാർ താണ്ടും. താമസസൗകര്യം, ഭക്ഷണം, മെഡിക്കൽ ആന്ഡ് ലഗേജ് സപ്പോർട്ട്, പെർമിറ്റ് അനുമതി എന്നിവ ഉൾപ്പെടെ ഒരാൾക്ക് 25000 രൂപയാണ് പങ്കാളിത്ത ഫീസ്. പരിചയസമ്പന്നരായ ജാവ യെസ്ഡി ടെക്നിക്കൽ വിദഗ്ധരുടെ പൂർണമായ സർവീസ് ബാക്കപ്പ് പിന്തുണയും റൈഡർമാർക്ക് നൽകുമെന്ന് അധികൃതർ വ്യക്തമാക്കി.താൽപര്യമുള്ളവർക്ക് https://jawayezdinomads.kogtorips.com/ ലിങ്ക് വഴി സ്വമേധയാ രജിസ്റ്റർ ചെയ്യാം.

# ജേർണലിസ്റ്റ് വോളി : ജേഴ്സി പ്രകാശനം ചെയ്തു




**കൊച്ചി:** കണ്ണൂരിൽ നടക്കുന്ന സംസ്ഥാന ജേർണലിസ്റ്റ് വോളി ലീഗിനുള്ള എറണാകുളം പ്രസ് ക്ലബ്ബ് ടീമിന്റെ ജേഴ്സി ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് പി.വി. ശ്രീനിജിൻ എം.എൽ.എ, മുൻ ഇന്ത്യൻ വോളിബോൾ താരവും കാലിക്കറ്റ് ഹീറോസ് കോച്ചുമായ കിഷോർകുമാർ എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു. സ്പോൺസർമാരായ കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് ടീമിന്റെ ടെക്നിക്കൽ ഡയറക്ടർ ടി.ബിജോയ് ബാബു മുഖ്യാതിഥിയായി. എറണാകുളം പ്രസ് ക്ലബ്ബ് വൈസ് പ്രസിഡന്റ് ജിജീഷ് ടി.കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രസ് ക്ലബ്ബ് സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതവും സ്പോർട്സ് ക്ലബ്ബ് കൺവീനർ അഷ്റഫ് തൈവളപ്പ് നന്ദിയും പറഞ്ഞു.

# 'ബിഗ് സമ്മർ' ഓഫറുകളുമായി ഫാബിന്ത്യ

fabindia
CELEBRATE INDIA

**കൊച്ചി:** വേനൽക്കാലം വ്യത്യസ്തമാക്കാൻ 'ബിഗ് സമ്മർ' ഓഫറുകളൊരുക്കി ഫാബിന്ത്യ. നിലവിൽ ഇന്ത്യയൊട്ടാകെ 129 നഗരങ്ങളിലായി, 350ത്തിലധികം സ്റ്റോറുകളാണ് ഫാബിന്ത്യയ്ക്കുള്ളത്. ബിഗ് സമ്മർ ആഘോഷങ്ങളുടെ ഭാഗമായി കുടുംബങ്ങൾക്കാവശ്യമായ ഇന്ത്യൻ, പാശ്ചാത്യ വസ്ത്രങ്ങളുടെ വമ്പിച്ച ശ്രേണിയാണ് ഫാബിന്ത്യ കാഴ്ച്ചവയ്ക്കുന്നത്. ഇവയെല്ലാം അടുത്തുള്ള കൊച്ചി ഷോറൂമിൽ ലഭ്യമാണ്.കരകൗശല വസ്തുക്കൾ, തുണിത്തരങ്ങൾ, മേശവിരി എന്നിവ കൂടാതെ, വിഷരഹിത സൗന്ദര്യ വർധക ഉൽപ്പന്നങ്ങളുടെ ശേഖരവും ബിഗ് സമ്മർ ആഘോഷങ്ങളുടെ ഭാഗമായി ഫാബിന്ത്യ ഒരുക്കിയിട്ടുണ്ട്.പുതിയതരം കുർത്തകൾ, സാരികൾ, ഷർട്ടുകൾ, ട്രൗസറുകൾ എന്നിവയ്ക്കു പുറമെ ഇന്ത്യൻ ആഭരണങ്ങൾ, ബാഗുകൾ, പാദരക്ഷകൾ എന്നിവയുടെ കളക്ഷനുമുണ്ട്. സോഫ്റ്റ് ലിനൻ, ആധുനിക അലങ്കാര വസ്തുക്കൾ, ഫർണിച്ചറുകൾ, ചിക് കിച്ചൺ വെയർ തുടങ്ങിയവയുടെ വൈവിധ്യമാർന്ന ചോയിസുകളിലും ലഭ്യമാണ്. ദൈനംദിന ആവശ്യങ്ങൾക്കോ യാത്രകൾക്കോ ആഘോഷങ്ങൾക്കോ ഏതുമാകട്ടെ, വൈവിധ്യമാർന്ന വസ്ത്രശേഖരം തിരഞ്ഞെടുക്കാൻ ഞങ്ങളുടെ ഉപഭോക്താക്കൾ ഏറ്റവും ഇഷ്ടപ്പെടുന്ന സമയമാണ് വേനൽ കാലം. ഫാബ് ഇന്ത്യയുടെ വ്യത്യസ്ത ശേഖരങ്ങളുടെ പ്രദർശനത്തിനായും അവയുടെ പ്രത്യേകതകൾ പരിചിതമാക്കാനും 2023ലെ വേനൽക്കാലം അനുഭവവേദ്യമാക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു. വീട്ടാവശ്യങ്ങൾക്കുള്ള വസ്ത്രങ്ങൾ മുതൽ വീട്ടുപകരണങ്ങൾ വരെ മികച്ച നിലവാരത്തിലുള്ളതാക്കാൻ ഈ വേനൽ കാല ഷോപ്പിംഗ് അനുഭവത്തിലൂടെ സാധ്യമാകും എന്നും ഫാബിന്ത്യ സെയിൽസ് പ്രസിഡന്റ് അജയ് കപൂർ അഭിപ്രായപ്പെട്ടു.ഫാബിന്ത്യയുടെ ഉത്പന്നങ്ങൾ ഇന്ത്യയിലുടനീളമുള്ള കരകൗശല വിദഗ്ധരുടെ ഒരു സംഘം അസംസ്കൃത വസ്തുക്കളിൽ നിന്നും നിർമ്മിക്കുന്നതാണ്. ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതുവഴി രാജ്യത്തിന്റെ സമ്പന്നമായ പൈതൃകത്തോടുള്ള ഫാബിന്ത്യയുടെ പ്രതിബദ്ധതയാണ് വ്യക്തമാകുന്നത്. ഉപഭോക്താക്കളുടെ ഇഷ്ടാനുസരണമുള്ള വസ്തുക്കൾ നേടാൻ ഇതൊരു മികച്ച അവസരമാക്കി ഫാബിന്ത്യയ്ക്കൊപ്പം വേനൽക്കാലത്തെ സ്റ്റൈലായി സ്വീകരിക്കാനുള്ള അവസരമാണൊരുങ്ങുന്നത്.താമരപ്പള്ളി, ഫോർട്ട് കൊച്ചി, ലുലു മാൾ, വൈറ്റില, മട്ടാഞ്ചേരി, പനമ്പിള്ളി നഗർ എന്നിവിടങ്ങളിലെ ഫാബിൻഡ്യ ഷോപ്പുകളിൽ 'ബിഗ് സമ്മർ' ഓഫർ ലഭ്യമാണ്.

# മുത്തൂറ്റ് ആഷിയാന ഭവനങ്ങളുടെ താക്കോൽ വിതരണം നടത്തി

**കൊച്ചി/എടവനക്കാട്:** മുത്തൂറ്റ് ഫിനാൻസ് കൊച്ചിയിലെ എടവനക്കാട് മുത്തൂറ്റ് ആഷിയാന ഹൗസിംഗ് പദ്ധതിയുടെ സിഎസ്ആർ സംരംഭത്തിന് കീഴിൽ 14 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറി.എറണാകുളം ജില്ലയിലെ തീരദേശ ഗ്രാമമായ എടവനക്കാടാണ് നിർധനർക്കും നിരാലംബർക്കുമായി വീടുകൾ നിർമ്മിച്ച് നൽകിയത്. ഇതിന്റെ ഭാഗമായി എടവനക്കാട്ട് വീടുകളുടെ താക്കോൽ കൈമാറുന്ന ചടങ്ങ് സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് നിർവഹിച്ചു. ചടങ്ങിൽ ഹൈബി ഈഡൻ എംപി മുഖ്യാതിഥിയായിരുന്നു. മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് എം ജോർജ് പരിസ്ഥിതി സൗഹൃദ സംരംഭമായ 'ഒരു മരം നടൂ, ഭൂമിയെ രക്ഷിക്കൂ' ഉദ്ഘാടനം ചെയ്തു.എടവനക്കാട് കടൽക്ഷോഭവും മണ്ണൊലിപ്പും മൂലം തകർന്ന വീടുകളിൽ താമസിച്ചിരുന്ന പാവപ്പെട്ടവരും പാർശ്വവൽകരിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് മുത്തൂറ്റ് ഫിനാൻസ് ആഷിയാന പദ്ധതിക്ക് കീഴിൽ നിർമ്മിച്ച ഭവനങ്ങൾ വഴി 14 കുടുംബങ്ങൾക്ക് വീട് എന്ന സ്വപ്നം യാഥാർത്ഥ്യമായി. എടവനക്കാട് പദ്ധതി പൂർത്തീകരിച്ചതോടെ 2018ൽ ആരംഭിച്ച ആഷിയാന ഭവന പദ്ധതി 250 വീടുകൾ എന്ന നാഴികക്കല്ലിൽ എത്തിയിരിക്കുകയാണ്. കേരളത്തിൽ 2018ലെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി മുത്തൂറ്റ് ഫിനാൻസ് മുമ്പ് 202 വീടുകൾ നിർമ്മിച്ച് നൽകിയിരുന്നു. മുത്തൂറ്റ് ആഷിയാന പദ്ധതിക്ക് ലഭിച്ച സ്വീകാര്യത കണക്കിലെടുത്ത് മുത്തൂറ്റ് ഫിനാൻസ് പദ്ധതി കൂടുതൽ വിപുലീകരിച്ചു. ഹരിയാനയിലെ റെവാരിയിൽ 20 വീടുകളും ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ 10 വീടുകളുമാണ് ഈ പദ്ധതിയുടെ കീഴിൽ അടുത്തിടെ പൂർത്തിയാക്കിയത്. ആഷിയാന പദ്ധതിക്കായി 20 കോടി രൂപ കമ്പനി നീക്കിവച്ചിട്ടുണ്ടെന്ന് മുത്തുറ്റ് ഫിനാൻസ് എംഡി ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. സമൂഹത്തിന് ക്രിയാത്മകമായി സംഭാവന ചെയ്യാൻ മുത്തൂറ്റ് ഫിനാൻസ് എപ്പോഴും ശ്രമിച്ചിട്ടുണ്ട്. 2018ൽ കേരളത്തിലുണ്ടായ പ്രളയത്തിൽ ജനങ്ങൾക്കുണ്ടായ ദുരിതത്തിലും നാശനഷ്ടത്തിലും ഞങ്ങളും ദുഖിതരാണ്. വീട് എന്നത് ഒരാളുടെ അടിസ്ഥാന ആവശ്യമാണ്. എല്ലാവർക്കും അവരുടെ വീടുമായി ആഴമേറിയ വൈകാരിക അടുപ്പം ഉണ്ടായിരിക്കും. അവരെ സഹായിക്കുന്നതിനായി മുത്തൂറ്റ് ഫിനാൻസ് ഇതുവരെ 250ൽ അധികം വീടുകൾ നിർമ്മിച്ചു നൽകി. ജനങ്ങളെ സഹായിക്കുന്ന കാര്യത്തിൽ മുത്തൂറ്റ് ഫിനാൻസ് പ്രതിജ്ഞാബദ്ധരാണെന്ന്ംജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.ബിസിനസ് വിജയത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമപ്പുറം സാമൂഹ്യ പുരോഗതിക്കും സമൂഹത്തെ സേവിക്കുന്നതിനുമുള്ള മുത്തുറ്റ് ഫിനാൻസിൻറെ അർപ്പണബോധത്തിനും സേവന മനോഭാവത്തിനും തെളിവാണ് മുത്തൂറ്റ് ആഷിയാന പദ്ധതിയെന്ന് ഹൈബി ഈഡൻ എംപി അഭിപ്രായപ്പെട്ടു.



## കിറ്റ്സിൽ എം.ബി.എ: സീറ്റൊഴിവ്

KITTS
Kerala Institute of Tourism & Travel Studies

**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) 202325 ബാച്ചിലേക്ക് ഒഴിവുള്ള സീറ്റിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും, കെമാറ്റ്/സിമാറ്റ്/ക്യാറ്റ് യോഗ്യതയും ഉള്ളവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും **www.kittsedu.org** വഴി അപേക്ഷിക്കാം. കേരള സർവ്വകലാശാലയുടേയും, എ.ഐ.സി.റ്റി.ഇ.യുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ, ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് 100 ശതമാനം പ്ലേസ്മെന്റ് അസിസ്റ്റന്റ്സ് നൽകുന്നു. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് **www.kittsedu.org.** 9446529467/ 9847273135/ 04712327707 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

# കെസിബിഎംഎ : ജി. രാജീവ് പ്രസിഡന്റ്, സത്യൻ മാലാത്ത് സെക്രട്ടറി

- ട്രഷററായി ബിജോയ് സിറിയക് തുടരും
- മുൻ പ്രസിഡന്റ് സേവ്യർ ജോസ് രക്ഷാധികാരിയാകും




**കൊച്ചി:** കേരള കൊറഗേറ്റഡ് ബോക്സ് മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ (കെസിബിഎംഎ) പുതിയ പ്രസിഡന്റായി ജി. രാജീവും സെക്രട്ടറിയായി സത്യൻ മാലത്തും തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ പത്ത് വർഷമായി ഫെഡറേഷൻ ഓഫ് കൊറഗേറ്റഡ് ബോക്സ് മാനുഫാക്ച്ചറേഴ്സ് (എഫ്സിബിഎം) മാനേജിംഗ് കമ്മിറ്റി അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു രാജീവ്. കാടാമ്പുഴ ആസ്ഥാനമായ അവർ ഓൺ പാക്കേജിങ് സർവീസ് എംഡിയാണ് സത്യൻ മാലത്ത്. ഹോട്ടൽ താജ് ഗേറ്റ് വേയിൽ നടന്ന സംഘടനയുടെ വാർഷിക പൊതുയോഗമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ട്രഷററായി ബിജോയ് സിറിയക് തുടരും. മുൻ പ്രസിഡന്റ് സേവ്യർ ജോസ് രക്ഷാധികാരിയാകും.മന്ത്രി പി. രാജീവ് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു. വെള്ളൂർ ന്യൂസ് പ്രിന്റിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ക്രാഫ്റ്റ് പേപ്പർ നിർമാണം ആരംഭിക്കുന്നതോടെ പാക്കേജിങ് വ്യവസായത്തിന് ഏറെ പ്രയോജനമുണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. ഫെഡറേഷൻ ഓഫ് കൊറഗേറ്റഡ് ബോക്സ് മാനുഫാക്ച്ചറേഴ്സ് (എഫ്സിബിഎം) പ്രസിഡന്റ് വിനീത് ജെയിൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. കെഎസ്എസ്ഐഎ പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. എസ്ടി റെഡ്ഡ്യാർ ആൻഡ് സൺസ് എംഡി ആർ. സുരേഷ്, എഫ്സിബിഎം വൈസ് പ്രസിഡന്റ്2 ടി.എം. രാഘവൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663